# താമരമൊട്ടുകൾ

വാല്യം 26 | മെയ് 2024 | ലക്കം 05 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## May 2024

| | | |
|---|---|---|
| 01 | 06.30 | Malaparambu |
| | 10.00 | Thamarassery |
| | 14.30 | Kodanchery |
| 02 | 07.00 | Thamarassery |
| | 15.00 | Chalakkudy |
| 03 | 06.45 | Vilangad |
| | 16.30 | Manjakunnu |
| 04 | 10.00 | Kulathuvayal |
| | 16.30 | Kozhikode |
| 05 | 07.00 | Thenjipalam |
| | 16.00 | Koodaranji |
| 06 | 06.30 | Poilomchal |
| | 10.30 | Vilangad |
| 07 | 06.30 | Pullurampara |
| | 10.30 | Kakkavayal |
| | 17.30 | Koodaranji |
| 08 | 10.00 | Thiruvambady |
| | 19.00 | Thamarassery |
| 09 - 11 | | Engaged |
| 12 | 16.00 | Vettathur |
| | 19.00 | Thiruvambady |
| 13 | 07.00 | Vettilappara |
| 15 | | Thamarassery |
| 16 | 11.00 | Thaliparamba |
| | 16.15 | Poozhithode |
| 17 | 10.00 | Thamarassery |
| 18 | 06.45 | Anackampoyil |
| | 10.30 | Valillapuzha |
| | 12.00 | Koodaranji |
| | 14.00 | Pullurampara |
| 19 | | Pullurampara |
| 20 - 22 | | Pullurampara |
| 23 | 10.00 | Manjakunnu |
| | 15.00 | Thamarassery |
| 24 | 06.30 | Pullurampara |
| | 11.30 | Thiruvambady |
| 25 | 07.00 | Ramapuram |
| 26 | | Parappanangady |
| 27 | 11.00 | Kadaplamattam |
| 27 - 31 | | Engaged |

വാല്യം 26 താമരമൊട്ടുകൾ മെയ് 2024 ലക്കം 05

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു." (ലൂക്കാ 1,46-47)




ആൽഫ മരിയ അക്കാഡമിയുടെ ആശീർവാദ കർമ്മത്തിൽ നിന്നും




ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെപുതിയ ജനറൽ ടീമിന്
താമരശ്ശേരി രൂപതയുടെ ആശംസകൾ.... പ്രാർത്ഥനകൾ....

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 310 |
| 2. | പ്രോഗ്രാം മെയ് 2024 | 311 |
| 3. | സർക്കുലർ 05/2024 | 312 |
| 4. | അസംബ്ലി വിജയത്തിനായുള്ള പ്രാർത്ഥന | 315 |
| 5. | കച്ചേരിക്കാര്യം | 316 |
| 6. | ഫാ. ജോർജ്ജ് ആശാരിപറമ്പിൽ ഓർമ്മയായി | 322 |
| 7. | ഡിജിറ്റലൈസേഷൻ ഓഫ് ഡയോസിസ് | 323 |
| 8. | റൂബി ജൂബിലി | 325 |
| 9. | ആദരാഞ്ജലികൾ | 326 |
| 10. | വിശ്വാസപരിശീലനം | 328 |
| 11. | ലിറ്റർജി കമ്മീഷൻ | 334 |
| 12. | ബൈബിൾ പഠനത്തിന് സുവർണ്ണാവസരം | 335 |
| 13. | വൊക്കേഷൻ ബ്യൂറോ | 336 |
| 14. | മദ്ബഹ ശുശ്രൂഷ സംഘം (SMART) | 337 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 338 |
| 16. | വിദ്യാഭ്യാസരംഗം | 340 |
| 17. | സ്റ്റാർട്ട് | 343 |
| 18. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 346 |
| 19. | ആൽഫ മരിയ അക്കാദമി | 347 |
| 20. | കെസിവൈഎം-എസ്എംവൈഎം | 348 |
| 21. | കത്തോലിക്കാ കോൺഗ്രസ് | 353 |
| 22. | ഇൻഫാം | 355 |
| 23. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 356 |
| 24. | യൂദിത്ത് ഫോറം | 357 |
| 25. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 358 |
| 26. | കരിസ്മാറ്റിക് മൂവ്മെന്റ് | 359 |
| 27. | ബഥാനിയ ധ്യാനകേന്ദ്രം | 361 |
| 28. | വികസനവേദി | 363 |
| 29. | യേശുനിധി | 366 |
| 30. | അജപാലനക്കുറിപ്പുകൾ | 367 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Machukuzhiyil Augustine | May | 3 |
| Mundackal George | | 3 |
| Vadakkel Sebastian | | 4 |
| Chemparathickal George | | 4 |
| Koothur Jacob | | 12 |
| Valliamthadathil John | | 12 |
| Vilangupara Joseph | | 12 |
| Kuzhimattathil James | | 13 |
| Pulthakidiyel James | | 13 |
| Thayyil Kuriakose | | 17 |
| Kandathil Vincent | | 19 |
| Kochukaipayil Kuriakose | | 21 |
| Thandamparambil Joseph | | 25 |
| Kudiyirickal Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chakkummoottil Philip | May | 3 |
| Valliamthadathil John | | 16 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം മെയ് 2024

| | | |
|---|---|---|
| 01 | ബുധൻ | **തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്** |
| 02 | വ്യാഴം | വി. അത്തനേഷ്യസ് |
| 03 | വെള്ളി | പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 06 | തിങ്കൾ | വി. ഡൊമിനിക് സാവിയോ |
| 09 | വ്യാഴം | നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം |
| 11 | ശനി | വൈദികരുടെ സ്ഥലം മാറ്റം |
| 12 | ഞായർ | **ചരമദിനം: ഫാ. ജേക്കബ് പുത്തൻപുര** |
| 14 | ചൊവ്വ | മത്തിയാസ് ശ്ലീഹാ |
| | | **ചരമദിനം : ഫാ. ജോസഫ് മാമ്പുഴ** |
| 16 | വ്യാഴം | **ചരമദിനം: ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തി** |
| 19 | ഞാർ | **പന്തക്കുസ്താത്തിരുനാൾ** |
| 24 | വെള്ളി | സ്വർണ്ണവെള്ളി |
| 25 | വ്യാഴം | **ചരമദിനം: ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| 26 | വെള്ളി | **പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ** |
| | | **ചരമദിനം: ഫാ. ജോർജ് താമരശ്ശേരി** |
| 30 | വ്യാഴം | **പരി. കുർബാനയുടെ തിരുനാൾ** |
| 31 | വെള്ളി | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

*സർക്കുലർ 05/2024*

# മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2026 ൽ താമരശ്ശേരി രൂപത 40 വർഷങ്ങൾ പിന്നിട്ട് റൂബി ജൂബിലിയിലേക്ക് പ്രവേശിക്കുകയാണല്ലോ. വെല്ലുവിളികളുടെയും സങ്കീർണ്ണതകളുടെയും കാലഘട്ടത്തിൽ രൂപതയുടെ ഭാവിപ്രവർത്തനങ്ങൾ സുവിശേഷാടിസ്ഥാനത്തിൽ രൂപപ്പെടുത്താൻ ലഭിക്കുന്ന മികച്ച അവസരമാണ് റൂബി ജൂബിലിയുടെ പശ്ചാത്തലത്തിൽ നമ്മൾ നടത്തുന്ന മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി.

ഒരു വർഷത്തെ ദീർഘമായ ഒരുക്കമാണ് ഇതിനോടകം അസംബ്ലിക്കായി പലഘട്ടങ്ങളിൽ നിർവ്വഹിച്ചത്. റൂബി ജൂബിലിക്ക് ഒരുക്കമായുള്ള പ്രസ്തുത മൂന്നാമത് രൂപത അസംബ്ലി അതിന്റെ ആദ്യഘട്ടങ്ങളിൽ കുടുംബക്കൂട്ടായ്മ കേന്ദ്രീകൃതമായും ഫൊറോനാതലത്തിലും സംഘടിപ്പിക്കുകയുണ്ടായി. ഇവയുടെയെല്ലാം വിജയത്തിനായി പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും ഈ അവസരത്തിൽ നന്ദിയർപ്പിക്കുന്നു. പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വച്ച് 2024 മെയ് 20 മുതൽ 22 വരെയാണ് രൂപത അസംബ്ലി. അതിൽ പങ്കെടുക്കുന്നത് രൂപതയിലെ വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും പ്രതിനിധികളാണ്.

മൂന്നാമത് എപ്പാർക്കിയൽ അസംബ്ലിക്കായി നാം എടുത്തിരിക്കുന്ന ആപ്തവാക്യം “ഉണർന്നു പ്രശോഭിക്കുക” എന്ന ഏശയ്യ പ്രവാചകന്റെ വാക്കുകളാണ് (ഏശ 60,1). ഇരുൾ മൂടിയിരിക്കുന്ന ലോകത്ത് ഉണർന്ന് പ്രശോഭിക്കുന്ന ജറുസലേമിനെ പ്രവാചകൻ ഇവിടെ അർത്ഥമാക്കുന്നു. ക്രിസ്തുവിന്റെ പുതിയ ജറുസലേമായ സഭ എല്ലാവർക്കും വെളിച്ചമായി മാറാൻ വിളിക്കപ്പെട്ടിരിക്കുന്നു. ചരിത്രപരമായ ഈ ദൗത്യം ഇന്ന് ഏറ്റെടുക്കുവാൻ നമ്മെ ഒരോരുത്തരെയും ക്രിസ്തു ക്ഷണിക്കുകയാണ്. ഈ

ദൗത്യനിർവ്വഹണത്തിലേക്കുള്ള കാൽവയ്പ്പാണ് രൂപതാ അസംബ്ലിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. വിശ്വാസം കുടുംബം സമുദായം എന്നീ വിഷയങ്ങളെ അധികരിച്ചുള്ള പഠനവും വിചിന്തനവുമാണ് മൂന്നാമത് എപ്പാർക്കിയിൽ അസംബ്ലിയുടെ ഓരോ ഘട്ടത്തിലും രൂപപ്പെടുത്തിയിരിക്കുന്നത്. വിശ്വാസം ദൈവത്തിലേക്കുള്ള ചുവടുവയ്പ്പാണെന്നുള്ള തിരിച്ചറിവ് രൂപതാസമൂഹം സ്വായത്തമാക്കേണ്ടിയിരിക്കുന്നു. വരുംതലമുറയ്ക്കുള്ള വിശ്വാസ കൈമാറ്റം ഗാർഹികസഭയായ കുടുംബത്തിലൂടെയാണ് സാധ്യമാകുക. നമ്മുടെ രൂപതയിൽ അൽമായപ്രേഷിതത്വം പ്രാദേശികസഭയുടെ വളർച്ചയ്ക്കും സമുദായത്തിന്റെ ഉന്നമനത്തിനും ആവശ്യമാണ്.

എപ്പാർക്കിയൽ അസംബ്ലിയിൽ ഇപ്രകാരം വിശ്വാസം കുടുംബം സമുദായും എന്നിവ ഉൾപ്പെടുത്തിയുള്ള ചർച്ചകൾ സുഗമമാക്കാൻ ഒരു വിഷയാവതരണ രേഖ (Instrumentum Laboris) പുറപ്പെടുവിച്ചിട്ടുണ്ട്. രൂപതാ അസംബ്ലിക്ക് പ്രാരംഭമായി കുടുംബക്കൂട്ടായ്മകളിലും ഫൊറോനയിലും നടന്ന ചർച്ചകളുടെയും വിലയിരുത്തലുകളെയും അടിസ്ഥാനത്തിലാണ് രൂപത അസംബ്ലിയുടെ വിചിന്തനത്തിനും വിശകലനത്തിനുമുള്ള വിഷയാവതരണ രേഖ രൂപപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം പലതലങ്ങളിലുള്ള ഒരുക്കങ്ങളുടെ പരിസമാപ്തിയാണ് എപ്പാർക്കിയിൽ അസംബ്ലി. കൂടാതെ, നവഅജപാലനരീതികൾക്കും അജപാലനശൈലികൾക്കുമുള്ള ദിശാബോധം രൂപപ്പെടുന്നതും ഈ അസംബ്ലിയിലൂടെയാണ്.


മൂന്നിടങ്ങഴി മാവിൽ അത് പുളിക്കുവോളം ചേർത്ത പുളിപ്പിനു (മത്താ 13,33) സദൃശമായ പരിശുദ്ധാത്മാവാണ് എപ്പാർക്കിയൽ അസംബ്ലിയെ ശക്തിപ്പെടുത്തുന്നത്. സഭയുടെ വളർച്ച പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണല്ലോ. ക്രിസ്തുവിന്റെ പ്രാദേശികസഭയായ താമരശ്ശേരി രൂപതയുടെ വളർച്ച ആത്മാവിന്റെ പ്രചോദനങ്ങൾക്കും പ്രേരണകൾക്കും അനുസരിച്ചായിരിക്കണം. രൂപത അസംബ്ലിക്ക് മുന്നോടിയായി നിങ്ങൾ നല്കിയ നിർദ്ദേശങ്ങൾ അസംബ്ലിയിലെ തീരുമാനങ്ങൾക്കും രൂപതയുടെ മുന്നോട്ടുള്ള പ്രയാണത്തിനും അടിസ്ഥാനമായിത്തീരണം. ദൈവജന

ത്തിന്റെ മനസ്സറിഞ്ഞ് അജപാലനപ്രവർത്തനങ്ങളെ ക്രമീകരിക്കാൻ എപ്പാർക്കിയൽ അസംബ്ലിക്ക് സാധിക്കണം. അതിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ഇച്ഛാശക്തിക്ക് നിങ്ങളുടെ പ്രാർത്ഥന അത്യന്താപേക്ഷിതമാണ്.

പ്രാർത്ഥനയാണ് അസംബ്ലിയുടെ വിജയത്തിനായി നിങ്ങൾക്ക് നല്കുവാൻ സാധിക്കുന്ന ഏറ്റവും വലിയ സഹായം. അതിനായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും പന്തക്കുസ്ത തിരുനാൾ ദിനം (മെയ് 19) അസംബ്ലിയുടെ വിജയത്തിനുള്ള പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എപ്പാർക്കിയൽ അസംബ്ലിയുടെ സമാപനം വരെ വി. കുർബാനക്കുശേഷവും സന്ധ്യാപ്രാർത്ഥനകളിലും ഇതോടോപ്പം നല്കിയിരിക്കുന്ന അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന ചൊല്ലി സഹായിക്കുമല്ലോ.

പരിശുദ്ധ കന്യകാമറിയത്തിന്റെയും, സഭാസംരക്ഷകനായ വി. യൗസേപ്പിതാവിന്റെയും, രൂപതാ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും, നമ്മുടെ രൂപത സ്ഥാപിച്ച വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെയും പ്രാർത്ഥനാസഹായം നമുക്ക് തേടുകയും ദൈവഹിതത്തിന് സ്വയം സമർപ്പിക്കുകയും ചെയ്യാം.

ഈശോയിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2024 മെയ് 19-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# താമരശ്ശേരി രൂപത അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങയുടെ സന്നിധിയിൽ താമരശ്ശേരി രൂപതയേയും ദൈവജനം മുഴുവനെയും സമർപ്പിക്കുന്നു. സ്നേഹനാഥനായ ഈശോയേ, മെയ് 20 മുതൽ 22 വരെ നടക്കുന്ന രൂപത അസംബ്ലിയിൽ പങ്കെടുക്കുന്നവരെ അങ്ങയുടെ ആത്മാവിന്റെ നിറവിനാൽ പൂരിതരാക്കണമെ.

ഈ അസംബ്ലിയിലെ ചർച്ചകളും രൂപം കൊള്ളുന്ന കർമ്മപദ്ധതികളും കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് ക്രിസ്തീയദൗത്യം സഭയിലും സമൂഹത്തിലും ഏറ്റവും ഫലപ്രദമായി നിർവ്വഹിക്കു ന്നതിന് രൂപതയിലെ എല്ലാവരെയും പ്രാപ്തരാക്കി 'ഉണർന്ന് പ്രശോഭിക്കുന്നതിനും' (ഏശ 60.1) വിശ്വാസത്തിൽ ആഴപ്പെടുന്നതിനും അനുഗ്രഹിക്കണമെ.

ദൈവഹിതം നിറവേറ്റി ഞങ്ങൾക്ക് മാതൃകയായ പരിശുദ്ധ അമ്മേ, തിരുസഭയുടെ സംരക്ഷകനായ വി. യൗസേപ്പിതാവേ, രൂപത മധ്യസ്ഥയായ വി. അൽഫോൻസാമ്മേ എപ്പാർക്കിയൽ അസംബ്ലിയുടെ വിജയത്തിനായി ഞങ്ങൾക്കു വേണ്ടി മാാധ്യസ്ഥ്യം വഹിക്കണമേ, ആമ്മേൻ.

നന്മ നിറഞ്ഞ മറിയമേ... (1)

# കച്ചേരിക്കാര്യം

## 1. New Appointments

Rev. Frs.

| | |
|---|---|
| Areethara Jacob | Major Seminary, Mangalapuzha |
| Chakkummottil Philip | Major Seminary, Satna |
| Chemparathickal George | Study leave |
| Edakkattil Joseph | Vicar, Manjakkadavu |
| Ezhanikkattu Joseph | Vicar, Koomankulam |
| Ezhanikkattu Vincent | Vicar, Kakkavayal *(w.e.f. 30 June 2024)* |
| Kachappilly John CMI | Relieved from Kannoth |
| Kalappurackal Thomas | Vicar, Kuliramutty *(w.e.f. 30 June 2024*) |
| Kalappurackal George | Vicar, Maramchatty |
| Kalappurackal John CST | Asst. Vicar, Pushpagiri |
| Kalarickal Joseph | Major Seminary, Vadavathoor |
| Kalarickal Thomas | Rector, Kulathuvayal Pilgrim Centre |
| Kalariparambil John | Acting Vicar, Manjumala |
| Kalathoor George | Vicar, Puthuppady |
| Kalathoor Varghese | Vicar, Chevayoor |
| Karakkatt Sebastian | Vicar, Thottumukkom |
| Kizhakkarakattu Augustine (Sudeep) | Vicar, Panthalloor |
| Kizhakkekunnel Simon | Vicar, Paropady + Karunabhavan |
| Kochukaippayil Kuriakose | Vicar, Muthukad |
| Kollamparambil Mathew | Administrator, Alphonsa College |
| Koothur Jacob | Vicar, East Hill |
| Koyippurath Jacob | Vicar, Abhayagiri & Paloor |
| Kuttikattu George | Vicar, Kattullamala |
| Kuzhivelil Dominic | Director Renewal Movement + Jesus Youth (Addl.) |
| Machukuzhiyil Augustine | Vicar, Mavoor + Temperance Movement |

| | |
|---|---|
| Mangalamadthil Mathew | Vicar, Vayalida |
| Mangarayil Scaria | Vicar, Venappara + Manager CAMP |
| Melattu Thomas HGN | Asst. Vicar, Kodencherry |
| Moolayil Joseph OFM Cap | Relieved from Pushpagiri |
| Moolayil John | Vicar, Marudomkara |
| Muttathukunnel Wilson | Vicar, Vilangadu |
| Nelliyani Pius MSFS | Relieved from Mariyapuram |
| Panamattamparambil Sebastian | Vicar, Payyanadu |
| Panthaladickal Joseph | Asst. Director ALPHA Maria |
| Parankulagara Thomas | Director, COD |
| Pathiyil Thomas CMI | Relieved from Marudomkara |
| Peedikaayil Joseph CST | Vicar, Vaniyambalam |
| Plakkoottathil Jacob | Vicar, Vadakara |
| Podimattathil Joseph SDB | Relieved from Thiruvambady |
| Poothermannil Peter | Secretary to the Bishop + Director, SMART + Vocation Promoter |
| Poothur Antony CssR | Relieved from Koodaranji |
| Pulayamparambil Thomas | Vicar, Adackakundu |
| Purayidathil George | Relieved from Abhayagiri & Paloor |
| Puthanpurackal Joseph | Vicar, Narinada |
| Puthenpurakkal Jacob | RM Rashtra Deepika Ltd. & DFC + Karuna Hostel + Jesus Fraternity |
| Puthiyedath Francis | Vicar, Thazhekode |
| Thadathil Mathew | On leave |
| Thannickal Kurian | Rector, St. Alphonsa Minor Seminary |
| Thekkekaramattathil Mathew | Director, KCYM - SMYM |
| Thittayil Mathew | Vicar, Chembukadvu |
| Vadakkedom Jose | Vicar, Thalayadu |
| Valimalayil Joseph CST | Relieved from Muthukad |
| Vandannoor Joseph MST | Vicar, Panamplavu |
| Vellackakudiyil George | Vicar, Balussery (Addl.) |

**2. വികാരിമാരുടെ സ്ഥലംമാറ്റ റിപ്പോർട്ട്**

ബഹു. വൈദികരുടെ സ്ഥലമാറ്റം 2024 മെയ് 11 ശനിയാഴ്ചയാണ്. മെയ് 12 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്തമേൽക്കേണ്ടതാണ്.

ബഹു. വികാരിമാരുടെ സ്ഥലം മാറ്റത്തോടനുബന്ധിച്ച് ഇടവകയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ മാതൃക നൽകുന്നതായിരിക്കും. സ്ഥലമാറ്റമുള്ള എല്ലാ ബഹു. വികാരിമാരും നൽകിയിരിക്കുന്ന മാതൃകയിൽ റിപ്പോർട്ടിന്റെ രണ്ട് കോപ്പി തയ്യാറാക്കുകയും അത് നടത്തുകൈക്കാരനെ ഏൽപ്പിക്കേണ്ടതുമാണ്. ഇടവകയിൽ പുതുതായി ചാർജ്ജെടുക്കുന്ന ബഹു. വികാരിയച്ചൻ നടത്തുകൈക്കാരനിൽ നിന്ന് റിപ്പോർട്ടും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളും കൈപ്പറ്റിയതിനുശേഷം മുൻവികാരി തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ടിന്റെ ഒരു കോപ്പി രൂപതാ കാര്യാലയത്തിൽ എത്തിക്കുമല്ലോ. ഒരു കോപ്പി ഇടവകയുടെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**3. എപ്പാർക്കിയൽ അസംബ്ലി**

രൂപതയുടെ മൂന്നാമത് അസംബ്ലി 2024 മെയ് 20 മുതൽ 22 വരെ ബഥാനിയ സെന്ററിൽ വച്ച് നടക്കുന്നു. രൂപതാദ്ധ്യക്ഷനോടൊപ്പം രൂപതയിലെ വൈദികരുടെയും സമർപ്പിതരുടെയും ദൈവജനത്തിന്റെയും പ്രതിനിധികൾ പങ്കെടുക്കുന്ന ഈ രൂപതായോഗത്തിന്റെ വിജയത്തിനായി അസംബ്ലി ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

**4. നന്ദി, സ്വാഗതം**

താമരശ്ശേരി രൂപതയിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മമേഖലയിലേയ്ക്ക് പോകുന്ന ബഹു. കാച്ചപ്പിള്ളി ജോൺ CMI, മൂലയിൽ ജോസഫ് OFM Cap, നെല്ലിയാനി പയസ് MSFS, പതിയിൽ തോമസ് CMI, പൊടിമറ്റത്തിൽ ജോസഫ് SDB, പുത്തൂർ ആന്റണി CssR, വാളിമലയിൽ ജോസഫ് CST, എന്നിവർക്ക് നന്ദിയും പുതിയ ശുശ്രൂഷാമേഖലയിൽ എല്ലാ വിജയവും പ്രാർത്ഥനയും ആശംസിക്കുന്നു.

താമരശ്ശേരി രൂപതയിലെ അജപാലന ശുശ്രൂഷയിലേക്ക് പുതിയതായി കടന്നുവരുന്ന ബഹു. പീടികയിൽ ജോസഫ് CST, മേലാട്ട് തോമസ് HGN, കളപ്പുരയ്ക്കൽ ജോൺ CST എന്നിവർക്ക് രൂപതാകുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

താമരശ്ശേരി രൂപതഭവനിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മമേഖലയിലേയ്ക്ക് പോകുന്ന സി. സെലസ്റ്റി MSMI യ്ക്ക് രൂപതാകുടുംബ

ത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ മേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

പുതിയതായി രൂപതാഭവനിലേയ്ക്ക് സേവനത്തിനായി കടന്നുവരുന്ന സി. ജെസ്സി ടോം SH ന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

### 5. ആദരാഞ്ജലികൾ

പ്രസന്റേഷൻ സന്ന്യാസിനി സമൂഹത്തിലെ അംഗം **സി. സിജി മാത്യു DPMT (51)** 2024 മാർച്ച് 31-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏപ്രിൽ 2-ാം തീയതി കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ കോൺവെന്റ് ചാപ്പലിൽ നടന്ന മൃതസംസ്കാര ശുശ്രൂഷ കൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കാർമ്മികത്വം വഹിച്ചു. പ്രസന്റേഷൻ സമൂഹാംഗങ്ങളോട് രൂപതയുടെ അനുശോ ചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

ഡീക്കൻ അജിത്ത് വെളിയത്തിന്റെ മാതാവ് **ജിജി ജോസഫ് വെളിയത്ത് (55)** 2024 ഏപ്രിൽ 15 ന് നിത്യസമ്മാനത്തിനായി വിളിക്ക പ്പെട്ടു. കരിയാത്തുപാറ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ഡീക്കൻ അജിത്തിനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജോസ് നാവള്ളിൽ അച്ചന്റെ പ്രിയ മാതാവ് **മോളി തോമസ് നാവള്ളിൽ (67)** 2024 ഏപ്രിൽ 23 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏപ്രിൽ 25-ാം തീയതി തിരുവമ്പാടി ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജോസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 6. റൂബിജൂബിലിക്ക് ഒരുക്കമായുള്ള നാല്പതുമണി ആരാധന

മെയ് 20 മുതൽ ജൂലൈ 5 വരെ കോടഞ്ചേരി ഫൊറോനയിലെ നാല്പതുമണി ആരാധനയുടെ ദിവസക്രമീകരണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കോടഞ്ചേരി മെയ് 20,21,22,23 | - | ചെമ്പുകടവ് മെയ് 24, 25, 27, 28 |
| ഈരൂട് മെയ് 29,30,31, ജൂൺ 1 | - | കണ്ണോത്ത് ജൂൺ 3, 4, 5, 6 |
| കൂരോട്ടുപാറ ജൂൺ 7,8,10,11 | - | കുപ്പായക്കോട് ജൂൺ 12, 13, 14, 15 |

| | | | |
|---|---|---|---|
| മഞ്ഞുമല ജൂൺ 17,18,19,20 | - | മഞ്ഞുവയൽ ജൂൺ 21, 22, 24, 25 |
| തെയ്യപ്പാറ ജൂൺ 26,27,28,29 | - | വലിയകൊല്ലി ജൂലൈ 1, 2, 4, 5 |

### 7. പന്തക്കുസ്താ തിരുനാൾ മെയ് 19

എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പരിശുദ്ധാത്മാവിന്റെ നൊവേന 9 ദിവസം ചൊല്ലി പരിശുദ്ധാരൂപിയുടെ അഭിഷേകത്തിനായി പ്രതിഷ്ഠിക്കുമല്ലോ.

### 8. സ്മരണാഞ്ജലി

| | | |
|---|---|---|
| 5-05-2002 | - | റവ. ഫാ. ജോസഫ് മാടക്കച്ചേരി |
| 06-05-1991 | - | റവ. ഫാ. അബ്രാഹം കാവളക്കാട്ട് |
| **12-05-2020** | **-** | **റവ. ഫാ. ജേക്കബ് പുത്തൻപുര** |
| **13-05-2007** | **-** | **റവ. ഫാ. ജോസഫ് മാമ്പുഴ** |
| 16-05-1984 | - | മോൺ. ജേക്കബ് പുത്തേട്ട് |
| **16-05-2019** | **-** | **റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ** |
| 22-05-1992 | - | മോൺ. തോമസ് പഴേപറമ്പിൽ |
| 24-05-1997 | - | റവ. ഫാ. മാത്യു നടുവിലേക്കുറ്റ് |
| **25-05-2003** | **-** | **റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ** |
| **26-05-2008** | **-** | **റവ. ഫാ. ജോർജ് താമരശ്ശേരി** |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജേക്കബ്
പുത്തൻപുര
12. 05. 2020



റവ. ഫാ. ജോസഫ്
മാമ്പുഴ
13 – 05 – 2007



റവ. ഫാ. സെബാസ്റ്റ്യൻ
ഇളംതുരുത്തിൽ
16 – 05 – 2019



റവ. ഫാ. ഫിലിപ്പ്
മുറിഞ്ഞകല്ലേൽ
25 – 05 – 2003



റവ. ഫാ. ജോർജ്
താമരശ്ശേരി
26 – 05 – 2008

# രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഹായിയായി സേവനം ചെയ്ത ഫാ. ജോർജ്ജ് ആശാരിപറമ്പിൽ ഓർമ്മയായി...



താമരശ്ശേരി രൂപതാംഗം **ഫാ. ജോർജ്ജ് ആശാരിപറമ്പിൽ (87)** 2024 ഏപ്രിൽ 7 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. കോഴിക്കോട് ഗുഡ്ഷെപ്പേർഡ് വൈദിക വിശ്രമമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

1937 ഒക്ടോബർ 30ന് പാലാ രൂപതയിലെ കുറവിലങ്ങാട് പരേതരായ ആശാരിപറമ്പിൽ ചെറിയാൻ - മറിയം ദമ്പതികളുടെ ഒമ്പതുമക്കളിൽ അഞ്ചാമനായി ജനിച്ചു. കുറവിലങ്ങാട് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പാലാ രൂപതയുടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ സെമിനാരി പഠനം ആരംഭിച്ചു. തുടർന്ന് ഉന്നത പഠനത്തിനായി റോമിലേക്ക് അയക്കപ്പെട്ടു. വൈദിക പരിശീലനത്തിനൊടുവിൽ റോമിൽ വെച്ച് 1962 ഡിസംബർ 22ന് കാർഡിനൽ പീറ്റേർസ് അഗാഗിയാനിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും ഡിസംബർ 23ന് റോമിൽ വെച്ച് പ്രഥമ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

റോമിലെ പൊന്തിഫിക്കൽ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിലോസഫിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. റോമിലെ പഠനകാലത്ത് 1962 മുതൽ 1965 വരെയുള്ള കാലഘട്ടത്തിൽ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൽ സഹായിയായി സേവനം ചെയ്തു. 1966ൽ കൂടരഞ്ഞി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ദൗത്യം ആരംഭിച്ചു. 1966 മുതൽ 1968 വരെയുള്ള കാലഘട്ടത്തിൽ അഭിവക്ത തലശ്ശേരി രൂപതയുടെ ചാൻസിലറായും അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ സെക്രട്ടറിയായും സേവനം ചെയ്തു. തുടർന്ന് 1968 മുതൽ 1972 വരെ കാലഘട്ടത്തിൽ തലശ്ശേരി രൂപത മൈനർ സെമിനാരി റെക്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് കണ്ണോത്ത്, തിരുവമ്പാടി, മരുതോങ്കര, കട്ടിപ്പാറ, കല്ലാനോട്, കുണ്ടുതോട്, ചമൽ, കൂരാച്ചുണ്ട്, മാലാപറമ്പ്, മരിയാപുരം, ചക്കിട്ടപാറ, താഴേക്കോട്, വാണിയമ്പലം എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2013 ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് കോഴിക്കോട് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുക യായിരുന്നു. 'ശുശ്രൂഷിക്കാനും ജീവൻ നല്കാനും' എന്ന ആപ്ത വാക്യത്തിൽ അടിയുറച്ച് ജീവിച്ചിരുന്ന ജോർജ്ജ് ആശാരിപറമ്പിലച്ചൻ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ അസൗകര്യങ്ങൾ മാത്രം കൈമുതലുണ്ടായിരുന്ന ഇടവകകളിൽ തന്റെ ശക്തമായ നേതൃത്വവും കഠിനാദ്ധ്വാനവും കൊണ്ട് ഇടവകജനത്തെ മുന്നോട്ട് നയിച്ച അജപാലകനായിരുന്നു. തന്റെ പിതാവിന്റെ സന്നിധിയിലേക്ക് യാത്രയായ ബഹു. ജോർജ്ജച്ചന് താമരശ്ശേരി രൂപതയുടെ അശ്രുപൂജ.

# ഡിജിറ്റലൈസേഷൻ ഓഫ് ഡയോസിസ് 2024-26 (റൂബി ജൂബിലി പ്രൊജക്ട്)

2026 വർഷത്തിൽ പൂർത്തീകരിക്കുന്ന തരത്തിൽ രൂപതയുടെ അജപാലന നയ്യാമിക സംവിധാനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഡിജിറ്റലൈസേഷൻ ഓഫ് ഡയോസിസ് പ്രൊജക്ട് 2024 മെയ് മാസം മുതൽ ആരംഭിക്കുകയാണ്. രൂപത ഫൊറോന ഇടവക മാനേജ്മെന്റ്, ഇടവകയുടെ ആസ്ഥിതി സർട്ടിഫിക്കേഷൻ, എല്ലാ സംഘടനകളുടെയും മെമ്പർഷിപ്പ് & സിസ്റ്റം മാനേജ്മെന്റ്, കാറ്റക്കിസത്തിന്റെ പൂർണമായ ഡിജിറ്റലൈസേഷൻ എന്നിവ 2021 ൽ നടത്തിയ കമ്മ്യൂണിറ്റി സർവ്വേ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്ന ഈ പദ്ധതിയിൽ ബഹു. വികാരിയച്ചൻമാരുടെയും സംഘടനാ ഡയറക്ടറച്ചൻ മാരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം പദ്ധതിയുടെ ആദ്യഘട്ടത്തിൽ രൂപതയുടെ പുതിയ വെബ്സൈറ്റ് നിരവധി പുതിയ ഫീച്ചറുകളോട് കൂടെ തയ്യാറാക്കി വരുന്നു. രൂപതയുടെ കീഴിലുള്ള എല്ലാ സംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും വെബ് പേജുകളും സൈറ്റിൽ ലഭ്യമാകും.

എല്ലാ ഇടവകകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കുന്നു. ഇടവകയിലെ അടിസ്ഥാന വിവരങ്ങൾ, അസോസി യേഷൻ വിവരങ്ങൾ, അറിയിപ്പുകൾ, വീഡിയോകൾ, പരിപാടികളുടെ ചിത്രങ്ങൾ, വി. കുർബാന സമയം തുടങ്ങി എല്ലാ വിവരങ്ങളുടെയും സമഗ്രമായ ചിത്രം വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

രൂപത വൈദികരുടെ ട്രാൻസ്ഫർ, അസോസിയേഷൻ ഭാരവാഹികളുടെ മാറ്റങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ രൂപത വെബ്സൈറ്റുമായി കണക്ട് ചെയ്ത്തിരിക്കുന്നതിനാൽ ഇടവക വെബ്സൈറ്റിലും രൂപത സൈറ്റിലും ഓട്ടോമാറ്റിക് അപ്ഡേഷൻ നടക്കുന്നതായിരിക്കും.

രൂപത പ്രീസ്റ്റ് മാനേജ്മെന്റ് സംവിധാനത്തിൽ പ്രിസ്റ്റ് പ്രൊഫൈൽസ്, ഡിജിറ്റൽ ഐ ഡി കാർഡ്, ട്രാൻസ്ഫർ സിസ്റ്റം തുടങ്ങി നിരവധി സംവിധാനങ്ങൾ നടപ്പിൽ വരുത്തുന്നു. വൈദികരുടെ പ്രൊഫൈലുകൾ അവർക്ക് തന്നെ എഡിറ്റ് ചെയ്യാൻ സാധിക്കും. അതോടൊപ്പം സെമിനാരി ഫോർമേഷൻ മാനേജ്മെന്റ് സംവിധാനവും നടപ്പിൽ വരുത്തുന്നു.

കുട്ടികളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനായി വിദ്യാപീഠം സംവിധാനവും ഈ പ്രോജക്ടിന്റെ ഭാഗമാണ്.

**പ്രാഥമിക നിർദ്ദേശങ്ങൾ**

1. 2021 ൽ നടത്തിയ സർവ്വേ അപ്ഡേഷൻ ഈ വർഷം നടത്താൻ പദ്ധതി ഒരുക്കുന്നു. അതിനായി ഇടവക തലത്തിൽ രണ്ട് കോഡിനേറ്റേസിനെ നിയമിക്കുക.

   ഇവർക്കുള്ള പ്രാഥമിക ഫോർമേഷൻ മെയ് മാസം രണ്ടാം വാരം ക്രമീകരിക്കുന്നതായിരിക്കും.

2. വെബ്സൈറ്റുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടിരിക്കുന്ന ഫോട്ടോകൾ കൃത്യമായി അയച്ചു തരുമല്ലോ.

3. ക്ലൗഡ് ഡാറ്റ അപ്ലോഡിങ് തലത്തിൽ മറ്റ് ഏതെങ്കിലും വെബ് പ്ലാറ്റ്ഫോമുകൾ ഇടവകയിൽ പ്രാബല്യത്തിൽ വരുത്താൻ പദ്ധതി തയ്യാറാക്കുന്നുണ്ടെങ്കിൽ അത് മാറ്റിവെച്ച് രൂപത സംവിധാനത്തോട് സഹകരിക്കേണ്ടതാണ്.

4. പ്രസ്തുത സംവിധാനങ്ങളുടെ ആദ്യഘട്ടം പൂർത്തീകരിച്ച ശേഷം ഈ വർഷം അവസാനത്തോടുകൂടി മൂന്നുതവണയായി അടയ്ക്കുന്ന വൺടൈം പെയ്മെന്റിന്റെ ആദ്യഘഡു നൽകണമെന്നും ഓർമ്മിപ്പിക്കുന്നു.

എല്ലാ വൈദികരുടെയും പരിപൂർണ്ണമായ സഹകരണം ഈ പ്രൊജക്ടിന്റെ എല്ലാ ഘട്ടങ്ങളിലും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**മോൺ. അബ്രഹാം വയലിൽ**
താമരശ്ശേരി രൂപത വികാരി ജനറാൾ

# റൂബി ജൂബിലി

### കൂട്ടായ്മയുടെ ആഘോഷമായി 'അർപ്പിതം 2024'

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'അർപ്പിതം 2024' കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും ആഘോഷമായി. തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന ചർച്ച് പാരിഷ് ഹാളിൽ നടന്ന സംഗമത്തിൽ ആയിരത്തോളം വൈദികരും സന്യസ്തരും പങ്കെടുത്തു.

സഭയാകുന്ന വലിയ രഹസ്യത്തിലേക്കാണ് ഓരോ സമർപ്പിതരും വിളിക്കപ്പെട്ടിരിക്കുന്നതെന്നും സഭയുടെ തൂണും സത്യത്തിന്റെ കോട്ടയുമാണ് അവരെന്നും ആമുഖ പ്രഭാഷണത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പറഞ്ഞു.

സമർപ്പിത ജീവിതത്തിലെ വെല്ലുവിളികളെയും പരിഹാര മാർഗങ്ങളെയും കുറിച്ച് അദിലബാദ് ബിഷപ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ വിശദീകരിച്ചു. സിനിമാ താരം സിജോയ് വർഗീസ് മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. കുര്യൻ പുരമഠത്തിൽ, ഫാ. ജിൽസൺ തയ്യിൽ എന്നിവർ നേതൃത്വം നൽകി.

ഡോ. ജെയിംസ് കിളിയനാനി രചിച്ച രണ്ടു ഗ്രന്ഥങ്ങൾ ചടങ്ങിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പ്രകാശനം ചെയ്തു. അഭിഷിക്തനും അഭിഷേകവും എന്ന ഗ്രന്ഥത്തിന്റെ ആദ്യ പ്രതി മാർ പ്രിൻസ് പാണേങ്ങാട് ഏറ്റുവാങ്ങി. വിശ്വാസത്തിന്റെ വിജയാഘോഷം എന്ന ഗ്രന്ഥത്തിന്റെ ആദ്യ പ്രതി എംഎസ്എംഐ സുപ്പീരിയർ ജനറൽ സിസ്റ്റർ എൽസി വടക്കേമുറിയിൽ ഏറ്റുവാങ്ങി.

**ഫാ. ജേൺ ഒറവുങ്കര**
കോർഡിനേറ്റർ

# ആദരാഞ്ജലികൾ



## സി. സിജി മാത്യു മണ്ഡപത്തിൽ DPMT

പ്രസന്റേഷൻ സന്യാസ സഭാംഗമായ സി. സിജി മാത്യു 2024 മാർച്ച് 31 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തലശ്ശേരി അതിരൂപതയിലെ പൈസക്കിരി മണ്ഡപത്തിൽ മാത്യു മേരി ദമ്പതികളുടെ നാലു മക്കളിൽ മൂന്നാമത്തെ ആളായി 1972 ഡിസംബർ 11ന് സിസ്റ്റർ സിജി ജനിച്ചു. തന്റെ പ്രാഥമിക പഠനത്തിനുശേഷം നാഥന്റെ വിളിക്ക് പ്രത്യുത്തരം നൽകി. 1990 ജൂൺ 11ന് പ്രസന്റേഷൻ സഭയിൽ പരിശീലനത്തിൽ പ്രവേശിച്ചു. 1994 നവംബർ 19 ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. തുടർന്ന് പ്രാർത്ഥനക്കും, പരിചിന്തനത്തിനും ശേഷം 2001 ഏപ്രിൽ 18ന് നിത്യവ്രത വാഗ്ദാനം നടത്തി, പ്രസന്റേഷൻ സഭയിൽ പൂർണ്ണഅംഗത്വം നേടി. തുടർന്ന് ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ്, ആഫ്രിക്കയിലെ ഗവൺമെൻറ് ഹോസ്പിറ്റൽ, ഗുജറാത്തിലെ kutch Vikas Trust ഹോസ്പിറ്റൽ, റോമിലെ പ്രസന്റേഷൻ ഹൗസിലും, പ്രസന്റേഷൻ ഹൗസ് ചേവായൂർ എന്നിവിടങ്ങളിലും സേവനം കാഴ്ചവച്ചു. 2021 മുതൽ സിബിസിഐയുടെ കീഴിലുള്ള റാഞ്ചിയിലെ Constant Lievens Hospital and Reserch Centre ൽ നേഴ്സ് ആയി തന്റെ സേവനം ചെയ്തു വരികയായിരുന്നു. ഇക്കഴിഞ്ഞ മാർച്ച് 31 ഈസ്റ്റർ ദിനത്തിൽ ഒരു വാഹനാപകടത്തിൽപ്പെട്ട് ഏതാനും മണിക്കൂറുകൾക്കുള്ളിൽ സിസ്റ്റർ സിജി ഈ ലോകത്തോട് വിട പറയുകയായിരുന്നു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# ആദരാഞ്ജലികൾ



## സി. ഇഗ്നേഷ്യസ് എം.എസ്.എം.ഐ.

പയ്യനാട് പരേതരായ കുരിശുംമൂട്ടിൽ ജോസഫ് ഏലിക്കുട്ടി മക്കളുടെ 9 മക്കളിൽ മൂന്നാമതായി 1949 ഫെബ്രു. 2ന് ജനനം. 1969 മെയ് 29ന് ആദ്യ വ്രതവാഗ്ദാനം. 1973 ൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ കോളേജിൽ നിന്നും ഗാന വിഭൂഷൺ പാസ്സായി. 1974 മെയ് 18 ന് നിത്യവ്രത വാഗ്ദാനം. കൊളക്കാട്, കരിക്കോട്ടക്കരി,തോമാപുരം, കുളത്തുവയൽ, വിലങ്ങാട് എന്നിവിടങ്ങളിൽ അദ്ധ്യാപക ജീവിതം. കുളത്തുവയൽ, ചെമ്പനോട, എടപ്പുഴ, എണ്ണപ്പാറ, എരഞ്ഞിപ്പാലം, നൂറാംതോട്, വാളൂക്ക്, കരിമുഗൾ, ആലുവ, പള്ളിക്കുന്ന്, വാണിയമ്പലം, നെടുപുഴ, വരാക്കര, ഷീരാടി, അഡോള എന്നിവിടങ്ങളിൽ സേവനം ചെയ്തു. പലപ്പോഴായി സുപ്പീരിയർ, ജൂണിയറേറ്റ് മിസ്ട്രസ്സ് എന്നീ തലങ്ങളിലും ഉത്തരവാദിത്വ നിർവ്വഹണം. ഗായിക, മികച്ച ഫലിത പ്രിയ, കലാ-കായിക രംഗത്ത് നല്ലൊരു പരിശീലക, സ്കൗട്ട് & ഗൈഡ് രംഗത്ത് നലം തികഞ്ഞ ഗുരു, എന്നിങ്ങനെ ശോഭിച്ചു. വർഷങ്ങളോളം റേഡിയോ പ്രോഗ്രാമിൽ ഗാന രംഗത്തുണ്ടായിരുന്നു. ഏപ്രിൽ 13 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു, ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# വിശ്വാസപരിശീലനം

## വിശ്വാസോത്സവം

ഏപ്രിൽ 2, 3, 4, 5 തിയ്യതികളിൽ ഈ വർഷത്തെ വിശ്വാസോ ത്സവം നടന്നു. വി. കുർബാന പ്രധാന വിഷയമാക്കി അഞ്ച് ഗ്രൂപ്പുകളായി തിരിഞ്ഞ് ഇടവകകളിൽ വിശ്വാസോത്സവം നടന്നു. പഠനവും, കളിയും, പാട്ടുകളും, പ്രാർത്ഥനകളും എല്ലാം കോർത്തി ണക്കി കുട്ടികൾക്ക് അനുഭവപ്രദവും രസകരവുമായ രീതിയിൽ വിശ്വാസോത്സവം ക്രമീകരിക്കപ്പെട്ടു. ഇടവകകളിൽ നടന്ന വിശ്വാസോത്സവം പ്രോഗ്രാമിന്റെ വീഡിയോകൾ മിക്ക ഇടവകകളും തയ്യാറാക്കി ഷെയർ ചെയ്തത് പ്രവർത്തനങ്ങളെ വിലയിരുത്താൻ സഹായകമായി.

## സ്റ്റഡി ലീവ് & വാർഷിക പരീക്ഷ

2024 ഏപ്രിൽ 6 വിശ്വാസപരിശീലന വാർഷിക പരീക്ഷക്ക് ഒരുക്കമായുള്ള സ്റ്റഡി ലീവ് ആയിരുന്നു. ഏപ്രിൽ 7 ഞായർ 10 am മുതൽ 12 pm വരെ ഇടവകകളിൽ വാർഷിക പരീക്ഷകൾ നടന്നു. 1,2 ക്ലാസ്സുകൾക്ക് ചോദ്യ പരീക്ഷയും, 3 മുതൽ 10 വരെ എഴുത്തു പരീക്ഷയുമായിരുന്നു. ഇടവകകളിൽ പരീക്ഷ ഭംഗിയായും സുതാ ര്യമായും ക്രമീകരിച്ച ബഹു. വികാരിയച്ചന്മാർക്കും, ഹെഡ്മാസ്റ്റർ മാർക്കും നന്ദി അറിയിക്കുന്നു.

## സ്കോളർഷിപ്പ് പരീക്ഷ

2024 ഏപ്രിൽ 12 വെള്ളി മേഖലാ കേന്ദ്രങ്ങളിൽവെച്ച് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷകൾ നടന്നു. STD 4 മുതൽ 10 വരെ ഓരോ ഇടവകയിൽ നിന്നും 1, 2 റാങ്കുകൾ നേടിയ കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടത്. 4, 7, 10 ക്ലാസ്സിലെ കുട്ടികളിൽ ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന കുട്ടികൾക്ക് രൂപതാ സ്കോളർഷിപ്പ് നൽകുന്നതാണ്. 5, 6, 8, 9 ക്ലാസ്സുകളിൽ മേഖലകളിൽ ഉയർന്ന മാർക്ക് നേടുന്നവർക്ക് മേഖലാസമിതി മേഖലാ സ്കോളർഷിപ്പ് ക്രമീകരിക്കുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സുഖമമായും കാര്യക്ഷമമായും മേഖലകളിൽ ക്രമീകരിച്ച മേഖലാ സമിതിക്കും നന്ദി പറയുന്നു.

## രൂപതാ സ്കോളർഷിപ്പ് നേടിയവർ

### STD - IV

1st Prize : Danil Mathew Jose, Kottuppallil, Ashokapuram

2nd Prize : Ameya Sibi, Veluthuruthel, Malaparamba

3rd Prize : Alphy Maria Albin, Thuluvananickal, Mukkom

### STD - VII

1st Prize : Merin Roy, Mudathanath, Malaparamba

2nd Prize : Anna Saneeh, Thonakkara, Koodaranji

3rd Prize : Delin Elsa Ciby, Edamannel, Narinada

### STD - X

1st Prize : Roslin K.M, Kureekattil, Chamal

2nd Prize : Treesa Sunil Kezhaplackal, Koorottuppara

3rd Prize : Jiya Jacob, Moodankallil, Koomumkulam

## രൂപതാ പ്രതിഭാസംഗമം

2024 ഏപ്രിൽ 19, 20, 21 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ 7-10 ക്ലാസ്സ് കുട്ടികളുടെ രൂപതാതല പ്രതിഭാ സംഗമം നടന്നു. അഭ്യവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു. 11 മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളാണ് പ്രതിഭാസംഗമത്തിൽ പങ്കെടുത്തത്. രൂപതാതല പ്രതിഭാസംഗമത്തിൽ നിന്ന് സീറോ മലബാർ സഭാതല പ്രതിഭാ സംഗമത്തിൽ പങ്കെടുക്കാൻ 4 കുട്ടികളെ തിരഞ്ഞെടുത്തു. പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ. പ്രതിഭാ സംഗമനത്തിന് നേതൃത്വം കൊടുത്ത ശ്രീ. ജേക്കബ് കോച്ചേരി, ശ്രീ. ബോണി ആനത്താനം, ശ്രീ. സണ്ണി കോക്കാപ്പിള്ളി, സി. റോസ്മിൻ സി.എം.സി, സി. അമൽ സി.എം.സി, സി. ക്രിസ് തെരേസ എം.എസ്.എം.ഐ എന്നിവർക്ക് നന്ദി പറയുന്നു.

## രൂപതാതല പ്രതിഭകൾ STD -VII

1. Ivin Roby Chakkalayil, Pullurampara
2. Kemin Roy Mulloor, Koodaranji
3. Alona Vijoy Mekkatt, Venappara
4. Elizabeth Kandankeril, Karuvarakundu

### ASPCT ഫൈനൽ ഓൺലൈൻ പരീക്ഷ - 2024

അധ്യാപകരുടെ തുടർ പരിശീലനത്തിന്റെ ഭാഗമായി എല്ലാ വർഷവും നടക്കുന്ന ASPCT പരീക്ഷയുടെ ഫൈനൽ ഓൺലൈൻ പരീക്ഷ 2024 ഏപ്രിൽ 28 ഞായർ 2 am മുതൽ 2.15 pm വരെ നടന്നു. ഓരോ ഇടവകയിൽ നിന്നും ആദ്യ റൗണ്ട് പരീക്ഷയിൽ 1, 2 സ്ഥാന ത്തിന് അർഹരായവരാണ് ഫൈനൽ പരീക്ഷയിൽ പങ്കെടുത്തത്. പങ്കെടു ത്തവർക്കും വിജയികളായവർക്കും പ്രത്യേകം അഭിനന്ദ നങ്ങൾ.

### ACC 13, 14 ഓൺലൈൻ പരീക്ഷ

ACC 13, 14 കോഴ്സുകളുടെ ഫൈനൽ ഓൺലൈൻ പരീക്ഷ ഏപ്രിൽ 27, 28 തിയ്യതികളിൽ നടന്നു. പങ്കെടുത്തവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**2023-24 വിശ്വാസപരിശീലന വർഷത്തിൽ A+ ഗ്രേഡ് നേടിയ സൺഡേ സ്കൂളുകൾ**

### KARUVARAKUNDU MEKHALA

| | |
|---|---|
| Karuvarakundu | Holy Family Sunday School |
| Vaniyambalam | St. Mary's Sunday School |

### KODANCHERY MEKHALA

| | |
|---|---|
| Chembukadave | St. George's Sunday School |
| Kannoth | St. Mary's Sunday School |
| Kodanchery | St. Mary's Sunday School |
| Koorottupara | St. Mary's Sunday School |
| Kuppayakode | St. Joseph's Sunday School |
| Manjumala | St. Joseph's Sunday School |

### KOORACHUNDU MEKHALA

| | |
|---|---|
| Chakkittapara | St. Antony's Sunday School |
| Kakkayam | St. Sebastian's Sunday School |
| Kallanode | St. Mary's Sunday School |
| Kattullamala | St. Mary's Sunday School |
| Kulathuvayal | St. George's Sunday School |
| Narinada | St. Alphonsa Sunday School |
| Pathippara | St. Joseph's Sunday School |
| Perambra | St. Francis of Assisi Sunday School |
| Peruvannamuzhy | Fathima Matha Sunday School |

## MALAPPURAM MEKHALA

| | |
|---|---|
| Koomamkulam | St. Mary's Sunday School |
| Kondotty | St. Paul's Sunday School |
| Kottackal | Little Flower Sunday School |
| Malappuram | St. Thomas Sunday School |
| Oorakam | Fathima Matha Sunday School |
| Pandalloor | St. Mary's Sunday School |
| Payyanad | St. Mary's Sunday School |

## MARUDOMKARA MEKHALA

| | |
|---|---|
| Chempanoda | St. Joseph's Sunday School |
| Marudonkara | St. Mary's Sunday School |
| Pasukadave | St. Theresa of Avila Sunday School |
| Poilomchal | St. Jude's Sunday School |
| Poozhithode | Our Lady of Immaculate Sunday School |

## PAROPPADY MEKHALA

| | |
|---|---|
| Amalapuri | St.Thomas Sunday School |
| Asokapuram | Infant Jesus Sunday School |
| Chevayur | Nithya Sahaya Matha Sunday School |
| Kundayithode | St. Antony's Sunday School |
| Kunnamangalam | St. Joseph's Sunday School |
| Mankave | St. Joseph's Sunday School |
| Mavoor | Christ The King Sunday School |
| Paroppady | St. Antony's Sunday School |
| Thenjipalam | St. Mary's Sunday School |

## PERINTHELMANNA MEKHALA

| | |
|---|---|
| Cheerattamala | Christ The King Sanday School |
| Malaparamba | St. Joseph's Sunday School |
| Mariyapuram | Fathima Matha Sunday School |
| Perinthelmanna | St. Alphonsa Sunday School |
| Paloorkotta | St. Mary's Sunday School |

## THAMARASSERY MEKHALA

| | |
|---|---|
| Engapuzha | St.Vincent De Paul Sunday School |
| Kattippara | Holy Family Sunday School |
| Koodathai | Lourdes Matha Sunday School |
| Nooramthode | St. Joseph's Sunday School |
| Puthuppady | St. George's Sunday School |
| Thamarassery | Mary Matha Cathedral Sunday School |

## VILANGAD MEKHALA

| | |
|---|---|
| Manjakunnu | St. Alphonsa Sunday School |
| Valook | St. Mary's Sunday School |
| Vilangad | St. George's Sunday School |

## THOTTUMUKKOM MEKHALA

| | |
|---|---|
| Chundathumpoil | St. George's Sunday School |
| Kakkadampoil | St. Mary's Sunday School |
| Konoorkandy | St. Sebastian's Sunday School |
| Maramchatty | St. Mary's Sunday School |
| Panamplave | St. Mary's Sunday School |
| Thottumukkom | St. Thomas Sunday School |
| Valillapuzha | St. Mary's Sunday School |
| Vendekumpoil | Infant Jesus Sunday School |
| Vettilppara | St. Augustine Sunday School |

## THIRUVAMBADY MEKHALA

| | |
|---|---|
| Kuliramutty | Mar. Sleeva Sunday School |
| Mukkom | Sacred Heart Sunday School |
| Pullurampara | St. Joseph's Sunday School |
| Thekumkutty | Fathima Matha Sunday School |
| Thiruvambady | Sacred Heart Sunday School |
| Venappara | Holy Family Sunday School |
| Vilakkamthode | St. Sebastian's Sunday School |

### 2024 മെയ് മാസത്തിൽ നടക്കുന്ന എച്ച്. എം മേഖല സംഗമങ്ങൾ

1. മെയ് 7 ചൊവ്വ 10 AM 12 PM മരുതോങ്കര ഫൊറോന ദേവാലയം (മരുതോങ്കര, കൂരാച്ചുണ്ട്, വിലങ്ങാട് മേഖലകൾ)
2. മെയ് 7 ചൊവ്വ 2:30 PM 4:30 PM താമരശ്ശേരി ദേവാലയം (താമ രശ്ശേരി, കോടഞ്ചേരി, പാറോപ്പടി മേഖല)
3. മെയ് 8 ബുധൻ 2 PM 4 PM പെരിന്തൽമണ്ണ ഫൊറോന ദേവാലയം (കരുവാരകുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം മേഖല)
4. മെയ് 9 വ്യാഴം, 2 PM 4 PM കൂടരഞ്ഞി ദേവാലയം (തിരുവമ്പാടി, തോട്ടുമുക്കം മേഖലകൾ)

വരുന്ന വർഷത്തെ വിശ്വാസ പരിശീലനത്തെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുവാനും വിവിധ ഫോമുകൾ വിതരണം ചെയ്യുവാനും, കലണ്ടറുകൾ നൽകാനുമായി ക്രമീകരിച്ചിരിക്കുന്ന ഈ മീറ്റിങ്ങിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേ ണ്ടതാണ്.

### മീഡിയ കാറ്റക്കേസിസ്

2023-24 വിശ്വാസപരിശീലന വർഷം വിവിധ ഇടവകകളിൽ നടത്തിയ വിശ്വാസ പരിശീലന മേഖലയിലെ പുതിയ കാൽവെപ്പുകളെ പരിചയ പ്പെടുത്തുന്ന Faith Step ന്റെ 4-ാം എപ്പിസോഡ് യൂട്യൂബ് ചാന ലിലൂടെ അവതരിപ്പിച്ചു. പുല്ലൂരാംപാറ സൺഡേ സ്കൂൾ എച്ച്. എം ജോസി സർ ആണ് ഈ പ്രാവശ്യത്തെ Faith Step Program അവതരിപ്പിച്ചത്.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗത്തിൽ ഏപ്രിൽ മാസത്തിലെ ക്ലാസുകൾ നയിച്ചത് സീറോ മലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും പ്രസിദ്ധ ആരാധനക്രമ പണ്ഡിതനുമായ ഫാ. ഡോ. ലോനപ്പൻ അരങ്ങാശേരിയാണ്. 'ദൈവിക രഹസ്യങ്ങളുടെ ആഘോഷം പൗരസ്ത്യ സുറിയാനി സഭയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം ക്ലാസ്സുകൾ നയിച്ചു. ഏപ്രിൽ 13, 27 എന്നീ ശനിയാഴ്ചകളിൽ വൈകിട്ട് 8:30 മുതൽ 9:30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ ഫാ. കുര്യൻ പുരമഠത്തിൽ, ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

**നാല്പതു മണി ആരാധന നിർദ്ദേശങ്ങൾ :**

- ഒരു ഫൊറോനയിലെ ഓരോ ഇടവകയ്ക്കും 4 ദിവസങ്ങളാണ് നൽകിയിരിക്കുന്നത്. ഈ നാല് ദിവസങ്ങളിൽ സൗകര്യപ്രദമായ സമയം തിരഞ്ഞെടുത്ത് 40 മണി ആരാധന പൂർത്തിയാക്കാവുന്നതാണ്. അതായത്, രണ്ടു ദിവസങ്ങളിൽ അടുപ്പിച്ചോ നാലു ദിവസങ്ങളിൽ നിശ്ചിതമണിക്കൂറുകൾ തിരഞ്ഞെടുത്തോ 40 മണി ആരാധന പൂർത്തിയാക്കാവുന്നതാണ്.
- ഞായറാഴ്ചകളും പ്രധാനപ്പെട്ട തിരുനാൾ ദിനങ്ങളും ഒഴിവാക്കിയിട്ടുണ്ട്.
- തന്നിരിക്കുന്ന തീയതികളിൽ 40 മണി ആരാധന നടത്താൻ ഏതെങ്കിലും ഇടവകയ്ക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ആ ഇടവക ഉൾപ്പെടുന്ന ഫൊറോനയ്ക്ക് നൽകിയിട്ടുള്ള മറ്റ് തീയതികളിലെ സൗകര്യപ്രദമായ ദിവസങ്ങൾ തിരഞ്ഞെടുത്ത് നാല്പതു മണി ആരാധന നടത്താം. (നാല്പതുമണി ആരാധനയുടെ വിശദവിവരങ്ങൾ കച്ചേരി കാര്യത്തിൽ നൽകിയിട്ടുണ്ട്.)

**ഫാ. ജോസഫ് കളത്തിൽ**
ലിറ്റർജി കമ്മീഷൻ

# ബൈബിൾ പഠനത്തിന് സുവർണ്ണാവസ്സരമൊരുക്കി സാന്തോം സ്റ്റഡി സെന്റർ

എം.എസ്.ടി. വൈദികരുടെ നേതൃത്വത്തിൽ സാന്തോം ബൈബിൾ സ്റ്റഡി സെന്റർ താമരശ്ശേരിയിൽ വിവിധങ്ങളായ ബൈബിൾ പഠന കോഴ്സുകൾ ആരംഭിക്കുന്നു.

**1.) മൂന്നുമാസത്തെ ബൈബിൾ കോഴ്സ്**

അധ്യാപന വൃത്തിയിൽ നിന്നും റിട്ടയർ ചെയ്തവരേയും വിശ്രമജീവിതം നയിക്കുന്നവരെയും ഉദ്ദേശിച്ചുള്ള ബൈബിൾ കോഴ്സ്. സിസ്റ്റേഴ്സിനും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം താമസ സൗകര്യവും ഉണ്ട്. ജൂലൈ 2024 ആരംഭിക്കുന്ന ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇതിന്റെ അവസാനം കൊടുത്തിരിക്കുന്ന വാട്സ്ആപ്പ് നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

**2.) സിസ്റ്റേഴ്സിന് മാത്രമായുള്ള ബൈബിൾ കോഴ്സ്**

മലയാളം മീഡിയത്തിലാണ് പ്രസ്തുത കോഴ്സ്. മൂന്നുമാസം പഠനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ ആഗ്രഹിക്കുന്ന ബഹു. സിസ്റ്റേഴ്സിന് സുവർണ്ണാവസരമാണിത്.

**3.) സന്യാസ ജീവിതത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്നവർക്ക് വേണ്ടിയുള്ള കോഴ്സ്**

സന്യാസിനി വിദ്യാർത്ഥികൾക്ക് സെന്ററിൽ ആറുമാസം താമസിച്ച് ബൈബിൾ പഠിക്കാനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്.

**4.) വൈദികർക്കായി ആഴ്ചയിൽ ഒരു ദിവസത്തെ ബൈബിൾ ക്ലാസ്സ്**

തിങ്കളാഴ്ച വൈകുന്നരം ഇവിടെ വന്ന് ചൊവ്വാഴ്ച വൈകു ന്നേരം തിരിച്ചു പോകാവുന്ന വിധത്തിലാണ് ഈ കോഴ്സ് പ്ലാൻ ചെയ്യുന്നത്. ഇടവകകളിലെ അജപാലന പ്രശ്നങ്ങൾ ബൈബിളിന്റെ വെളിച്ചത്തിൽ ചിന്തിക്കാനും മറ്റുള്ളവരുമായി ചർച്ച ചെയ്യാനുമുള്ള അവസരവും ഈ കോഴ്സിലൂടെ ലഭിക്കും.

**5.) വേദപാഠ അധ്യാപകർക്ക് ശനിയാഴ്ച ക്ലാസ്സുകൾ**

വേദപാഠ അധ്യാപകർക്ക് ബൈബിൾ കൂടുതലായി പഠിക്കാനുള്ള അവസരമാണ് ഒരുക്കുന്നത്. ശനിയാഴ്ചകളിൽ അവർക്കായി ബൈബിൾ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അകലെയു ള്ളവർക്ക് വെള്ളിയാഴ്ച വൈകുന്നേരം താമസസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

### 6. ജോലി കാത്തിരിക്കുന്ന അഭ്യസ്തവിദ്യർക്ക് ബൈബിൾ പഠന സൗകര്യം

ജോലിക്കായി കാത്തിരിക്കുന്ന അഭ്യസ്തവിദ്യർക്ക് ജോലിയിൽ പ്രവേശിക്കാനുള്ള കാലയളവിൽ ഏതാനും ആഴ്ചകളോ മാസങ്ങളോ ദൈർഘ്യമുള്ള ക്ലാസ്സുകൾ നല്കുന്നു.

സനാതന എം.സി.ബി.എസ് ദൈവശാസ്ത്ര സെമിനാരിയി ലെയും, കുന്നോത്ത് മേജർ സെമിനാരിയിലെയും, തലശ്ശേരി ആൽഫ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെയും ബൈബിൾ പണ്ഡിതർ ഫാക്കൽറ്റി അംഗങ്ങളാണ്. ഫാ. ഡോ. സെബാസ്റ്റ്യൻ കിഴക്കയിലാണ് ഈ ബൈബിൾ സ്റ്റഡി സെന്ററിന്റെ ഡയറക്ടർ. സാന്തോം ബൈബിൾ സ്റ്റഡി സെന്ററിലേക്ക് ഏവരേയും സഹൃദയം സ്വാഗതം ചെയ്യുന്നു.

വാട്സ്ആപ്പ്/മൊബൈൽ നമ്പർ: 9539046005, 9497651575, 9447173631

**ഫാ. (ഡോ.) സെബാസ്റ്റ്യൻ കിഴക്കേയിൽ**
**ഡയറക്ടർ, സാന്തോം സ്റ്റഡി സെന്റർ**

## വൊക്കേഷൻബ്യൂറോ

ഏപ്രിൽ 1,2,3 തീയതികളിൽ ദൈവവിളി ക്യാമ്പ് അൽഫോൻസാ മൈനർ സെമിനാരിയിൽ വെച്ച് നടന്നു. ക്യാമ്പിൽ 83 പേർ പങ്കെടുത്തു. അവസാന ദിവസം വിവിധ സെമിനാരികളിൽ നിന്നുള്ളവർ വൊക്കേഷന് പ്രമോഷന് വേണ്ടി വരിക യും ചെയ്തു.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ, വൊക്കേഷൻബ്യൂറോ

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

മദ്ബഹാ ശുശ്രൂഷ സംഘത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഈ മാസം നടന്നു. ഏപ്രിൽ 8 മുതൽ 11 വരെ ബാധാനിയ ധ്യാന കേന്ദ്രത്തിൽ വെച്ച് പരിശുദ്ധാത്മഭിഷേക ധ്യാനം നടന്നു. ധ്യാനത്തിൽ വിവിധ ഇടവകകളിൽ നിന്നും 520 പേർ പങ്കെടുത്തു. MSMI സിസ്റേഴ്സ് ധ്യാനത്തിന് നേതൃത്വം കൊടുത്തു.

ഏപ്രിൽ 16നു എൽഡിഎസ് സ്പോൺസർ ചെയ്ത രൂപത തല ചെസ്സ് മത്സരം നടത്തി. 25 ഓളം പേര് മത്സരത്തിൽ പങ്കെടുത്തു.

ജൂനിയർ വിഭാഗത്തിൽ സമ്മാനത്തിനു അർഹരായവർ

1st ഡിയോൺ വടകരയിൽ പാറോപ്പടി

2nd ആരോൺ മുതുക്കാട്

3rd ആരോൺ ഈരൂട്

**സീനിയർ വിഭാഗത്തിൽ സമ്മാനത്തിനു അർഹരായവർ**

1st Alen Biju Vadakarayil Paroppady

2nd Bless Siby Kallanode

3rd Milan Lince Pulloorampara

## Quiz Competition

April 18 ന് LDS sponsor ചെയ്ത ഓൺലൈൻ ക്വിസ് Competition നടത്തി. 100 ഓളം കുട്ടികൾ ക്വിസ് കോമ്പറ്റീഷനിൽ പങ്കെടുത്തു. ഏപ്രിൽ 20 നു വചന പ്രഘോഷണ മത്സരം നടത്തി വിവിധ ഇടവകകളിൽ നിന്നും കുട്ടികൾ പങ്കെടുത്തു.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ, SMART

# ചെറുപുഷ്പ മിഷൻലീഗ്

### ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2024-25 പ്രവർത്തന വർഷത്തേക്കുള്ള ജൂനിയർ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ശാഖാതലത്തിലും മേഖലാതലത്തിലും നടത്തി.

### എഫ്ഫാത്താ സമ്പൂർണ്ണ ബൈബിൾ പാരായണ യജ്ഞം

2024 ഏപ്രിൽ 14ന് ദൈവവിളി ദിനത്തിൽ എഫ്ഫാത്താ സമ്പൂർണ്ണ ബൈബിൾ പാരായണ യജ്ഞം സംഘടിപ്പിച്ചു. ശാഖ ജൂനിയർ ഭാരവാഹികൾ നിർദ്ദേശിക്കപ്പെട്ട വചനഭാഗം 2 മണി മുതൽ 4 മണി വരെയുള്ള സമയത്ത് ദേവാലയത്തിൽ വന്ന് പ്രാർത്ഥനയോടെ വായിച്ചു.

### ആശംസകൾ

ഏപ്രിൽ എട്ടിന് മെത്രാഭിഷേകദിനം ആചരിക്കുന്ന അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന് ചെറുപുഷ്പ മിഷൻ ലീഗ് കുടുംബാംഗങ്ങൾ ആശംസകൾ നേർന്നു പ്രാർത്ഥിച്ചു.

### ENFUEGO - ഭദ്രാവതി മിഷൻ അനുഭവ യാത്ര

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് ജൂനിയർ സീനിയർ ഭാരവാഹികളുടെ മിഷൻ അനുഭവ യാത്ര ഏപ്രിൽ 8 മുതൽ 10 വരെ സംഘടിപ്പിച്ചു. ഭദ്രാവതി രൂപതയിലെ ഹൊളഹൊന്നൂർ സെന്റ് മേരിസ് ചർച്ച്, കൊപ്പ മിഷൻ ഗ്രാമത്തിലെ വിവിധ ഭവനങ്ങൾ, ഹനഗവാടി സെന്റ് ജോസഫ് കുരിശുപള്ളി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. മിഷൻ സഹായനിധിയായ ഒരു ലക്ഷം രൂപയുടെ ചെക്ക് ബഹുമാനപ്പെട്ട ജനറാൾ അച്ചന് കൈമാറി . സെന്റ് ജോസഫ് കുരിശുപള്ളിയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ ഒരു തിരുസ്വരൂപവും നൽകി.

### ഗ്രാൻഡ് മാസ്റ്റേഴ്സ് ക്യാമ്പ്

രൂപതലത്തിൽ ഏഴു മുതൽ പത്തുവരെ ക്ലാസുകളിലെ കുട്ടികൾക്കായി 2024 ഏപ്രിൽ 23 24 25 തീയതികളിലായി മേരിക്കുന്ന് പി എം ഒ സിയിൽ വെച്ച് റവ. ഫാ. ജോജോ മണിമലയുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു നൂറോളം കുട്ടികൾ ഈ ക്യാമ്പിൽ സംബന്ധിച്ചു.

## മേഖല ക്യാമ്പുകൾ

ഏപ്രിൽ 7, 8 തീയതികളിൽ പാറോപ്പടി, കോടഞ്ചേരി മേഖലകളിലും 18 മുതൽ 20 വരെ പെരിന്തൽമണ്ണ, തിരുവമ്പാടി മേഖലകളിലും അവധിക്കാല ക്യാമ്പുകൾ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ വിവിധ മേഖലകളിലെ ക്യാമ്പിൽ സന്ദർശിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

## രൂപതാ വാർഷികവും കൗൺസിലും

2023-24 പ്രവർത്തന വർഷത്തെ രൂപതാ വാർഷികവും കൗൺസിലും ഏപ്രിൽ 27 ന് രൂപതാ ഭവനിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത മീറ്റിങ്ങിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ മുഖ്യാതിഥി ആയിരുന്നു. രൂപത ജൂനിയർ സീനിയർ ഭാരവാഹികളുടെതെരഞ്ഞെടുപ്പും മിസ്സിയോ ദൈവവിളി പ്രസംഗം മത്സരവും കുട്ടികൾക്ക് സെമിനാറും സംഘടിപ്പിച്ചു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

# വിദ്യാഭ്യാസരംഗം

## നവീകരിച്ച കോർപ്പറേറ്റ് ഓഫീസിന്റെ ആശീർവാദ കർമ്മം

സ്ഥല പരിമിതിയും അസൗകര്യങ്ങളും നേരിട്ടിരുന്ന കോർപ്പറേറ്റ് ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നിർദ്ദേശപ്രകാരം പൂർത്തീകരിച്ചു. നവീകരിച്ച കെട്ടിട സംവിധാനങ്ങളുടെ ആശീർവാദ കർമ്മം അഭിവന്ദ്യ പിതാവ് നിർവഹിച്ചു. വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ, ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫിനാൻസ് ഓഫീസർ ഫാ. കുര്യാക്കോസ് മുഖാലയിൽ, രൂപതാ ഭവനിലെ മറ്റ് ബഹു. വൈദികർ, കോർപ്പറേറ്റ് ഓഫീസ് സ്റ്റാഫ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## സ്കോളർഷിപ്പ് പരീക്ഷ ഫലം

ഫെബ്രുവരി 17 ന് നടന്ന വേദപാഠ, സന്മാർഗ ശാസ്ത്ര വിഷയങ്ങളുടെ കോർപ്പറേറ്റ് തല സ്കോളർഷിപ്പ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

### Moral Science

| Std. | Place | Name of Student | School | Score |
|---|---|---|---|---|
| **IV** | I | Thamanna P | Thiruvampady UPS | 84% |
| | II | Crisvin Subeesh | Kannoth UPS | 83% |
| | III | Andria Prince | Koodaranhi LPS | 82% |
| **V** | I | Elsa Eby | Kodanchery HS | 93% |
| | II | Adithya Biju | Koodaranhi HS | 91% |
| | III | Sreelakshmi T.S. | Kodanchery HS | 90% |
| **VI** | I | Ashlin Grace Varghese | Kodanchery HS | 98% |
| | II | Zella Fathima | Kodanchery HS | 94% |
| | III | Elsa Mariya Jomon | Kattullamala UPS | 90% |
| **VII** | I | Alona Vijoy | Kodanchery HS | 91% |
| | II | Adhrusia P.T. | Pullurampara UPS | 89% |
| | III | Fathima Fida P J | Thiruvampady UPS | 88% |
| **VIII** | I | Nandana P B | Pullurampara HS | 95% |
| | II | Sreelakshmi Bineesh | Kannoth HS | 91% |
| | III | Jenifer Vincent | Maruthomkara HS | 89% |

| | | | | |
|---|---|---|---|---|
| **IX** | I | Sona Theresa Saju | Kodanchery HS | 99% |
| | II | Devi Krishna P | Kannoth HS | 98% |
| | III | Fathima Riya T.P. | Kannoth HS | 94% |

## Catechism

| Std. | Place | Name of Student | School | Score |
|---|---|---|---|---|
| **IV** | I | Christa Mariya Biju | Kodanchery LPS | 96% |
| | II | Angel Jose | Koodaranhi LPS | 91% |
| | III | Alphonsa Joseph | Koodaranhi LPS | 89% |
| **V** | I | Evana Mariya | Koorachundu UPS | 96% |
| | II | Abel Antony Joboy | Anakulam LPS | 94% |
| | III | Tesna Joby | Kannoth UPS | 93% |
| **VI** | I | Ann Mariya Robin | Kodanchery HS | 96% |
| | II | Chris B Francis | Pullurampara UPS | 94% |
| | III | Angel Rose | Koorachundu UPS | 93% |
| **VII** | I | Aleena Anish | Kannoth UPS | 90% |
| | II | Ancy Mathew | Kattippara UPS | 88% |
| | III | Kemin Roy | Koodaranhi HS | 87% |
| **VIII** | I | Christy Wilson | Kannoth HS | 99% |
| | II | Neha S Mariya | Kulathuvayal HS | 96% |
| | III | Noyal Joseph | Kulathuvayal HS | 88% |
| **IX** | I | Cliya Jose | Kannoth HS | 94% |
| | I | Sona Theresa Saju | Kodanchery HS | 94% |
| | II | Ann Mariya Joseph | Pullurampara HS | 92% |
| | III | Santhvana Benny | Kodanchery HS | 91% |

### അധ്യാപക നിയമനം – അപേക്ഷ ക്ഷണിക്കുന്നു


താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ അടുത്ത വർഷങ്ങളിൽ ഉണ്ടാകാനിടയുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിസ്റ്ററി), ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ, ഉറുദു ടീച്ചർ (ഹൈസ്കൂൾ & പ്രൈമറി) ഒഴിവുകളിൽ നിയമിക്കുന്നതിനായി കെ.ടെറ്റ് അടക്കം നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം 2024 മെയ് 15 ന് മുമ്പായി

അപേക്ഷ നൽകാവുന്നതാണ്. എഴുത്തു പരീക്ഷ, കൂടിക്കാഴ്ച്ച, പ്രായോഗിക ക്ലാസ്സ്, അക്കാദമിക മികവ് എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് നിയമനം നടത്തുക.

**ആദരാഞ്ജലികൾ**

സ്തുത്യർഹ സേവനത്തിന് ശേഷം വിരമിച്ച് വിശ്രമജീവിതത്തിലായിരുന്ന ശ്രീമതി വി.ഡി. കാതറിൻ (റിട്ട. യൂ.പി.എസ്.ടി., സെന്റ്. ജോർജസ് ഹൈസ്കൂൾ കുളത്തുവയൽ), ശ്രീ. പി.യു. ജോസഫ് (റിട്ട. ഹെഡ്മാസ്റ്റർ, നസ്രത്ത് എൽ. പി. സ്കൂൾ മുത്തോറ്റിക്കൽ,) ശ്രീമതി കെ.സി. ത്രേസ്യാമ്മ (റിട്ട. യു.പി.എസ്.ടി. സെന്റ് മേരീസ് എച്ച്. എസ്. മരുതോങ്കര), സി. മേരിക്കുട്ടി കെ.ജെ. (സി. മേരി ഇഗ്നേഷ്യസ് എം.എസ്.എം.ഐ., റിട്ട. മ്യൂസിക് ടീച്ചർ സെന്റ് ജോർജസ് എച്ച്. എസ്. വിലങ്ങാട്) എന്നീ അധ്യാപക ശ്രേഷ്ഠർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. സർവ്വീസ് കാലഘട്ടത്തിൽ സാമൂഹിക, രാഷ്ട്രീയ, ആദ്ധ്യാത്മിക ജീവകാരുണ്യ മേഖലകളിൽ നിറസാന്നിധ്യമായിരുന്ന ആദരണീയരായ ഈ അധ്യാപകരുടെ നിര്യാണത്തിൽ ദുഖിതരായിരിക്കുന്ന കുടുംബാംഗങ്ങളുടേയും സഹപ്രവർത്തകരുടേയും വിദ്യാർത്ഥികളുടേയും ദുഖത്തിൽ പങ്കുചേരുന്നു. അവരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ



# സ്റ്റാർട്ട്

## ARISE 2K24 – Summer Holistic and Intensive Training Camp

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് അവധിക്കാലം വിജ്ഞാനപ്രദമാക്കാനും അറിവ് തേടാനും, തിരിച്ചറിവ് നേടാനും കുട്ടികൾക്ക് പത്തു ദിവസങ്ങൾ നീണ്ടു നിന്ന മൂല്യധിഷ്ഠിത പഠന ശില്പശാല ARISE 2K24 Summer Holistic and Intensive Training Camp എന്ന പേരിൽ ഏപ്രിൽ 11 മുതൽ ഏപ്രിൽ 20 വരെ സ്റ്റാർട്ടിൽ വച്ച് നടത്തി. 150 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

ക്യാമ്പിൽ പങ്കെടുക്കാൻ എത്തിയ കുട്ടികളെ സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ സുബിൻ കിഴക്കേവീട്ടിലിന്റെ നേതൃത്വത്തിൽ സ്വാഗതം ചെയ്തു. വൈവിധ്യമാർന്ന പരിപാടികളോടെ നടന്ന ട്രെയിനിങ് പ്രോഗ്രാം താമരശേരി രൂപത ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാ നിയിൽ ഉദ്ഘാടനം ചെയ്തു. ദീപിക കോഴിക്കോട് റസിഡൻസ് മാനേജർ ഫാ. സുദീപ് കിഴുക്കാരക്കാട്ട് ആശംസകൾ നേർന്നു സംസാരിച്ചു.

താമരശേരി, തലശ്ശേരി, പാലക്കാട്, മാനന്തവാടി രൂപതകളിൽ നിന്നും വ്യത്യസ്ത ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വളരെ പ്രയോജനകരമായ പ്രോഗ്രാമിൽ ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങളോടൊപ്പം വ്യക്തത വികസനം, ലക്ഷ്യബോധം, പൊതു വിജ്ഞാനം, മെച്ചപ്പെട്ട പഠനരീതികൾ, മാനസികാരോഗ്യ രൂപീ കരണം, ലൈഫ് സ്കിൽ, Cyber Security Awareness, തുടങ്ങിയ വിഷയങ്ങളും ക്യാമ്പിന്റെ ഭാഗമായിരുന്നു. സ്റ്റാർട്ടിലെ അധ്യാപകർക്ക് പുറമേ സിസ്റ്റർ ടിജി എസ്.കെ.ഡി, പ്രമുഖ സൈക്കോളജിസ്റ്റും കൗൺസിലറുമായ ശ്രീ. പ്രദീപൻ, ഫാ. വിൽസൺ മുട്ടത്തു കുന്നേൽ തുടങ്ങിയവരുടെ ക്ലാസുകൾ ക്യാമ്പിനെ ഏറെ ശ്രദ്ധേയമാക്കി.

വിദ്യാർത്ഥികളെ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ ബേസിക്, ക്ലാസിക്, അഡ്വാൻസ്, പ്രൊഫിഷ്യന്റ് എന്നീ നാല് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും പ്രത്യേകം ക്ലാസുകൾ ആയിരുന്നു. വ്യത്യസ്തമായ പരിശീലന രീതികളും പാഠ്യപദ്ധതികളും വിദ്യാർത്ഥികളുടെ പങ്കാളിത്തവും ക്യാമ്പിനെ മികവുറ്റതാക്കി. ക്യാമ്പിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി പാനൽ ഡിസ്കഷൻ, ഡിബേറ്റ്, ക്വിസ് കോമ്പറ്റീഷൻ, കൊളാഷ് കോമ്പറ്റീഷൻ എന്നിവയും നടത്തി. വിദ്യാർത്ഥികളുടെ കൈയെഴുത്തു മാസികയായ "PETALS" കുമാരി എലൈൻ എലിസബത്ത് സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിലിന് നൽകി പ്രകാശനം ചെയ്തു.

ഈസ്റ്റ് ഹിൽ ഇടവക വികാരി ഫാ. മനോജ് കൊല്ലംപറമ്പിൽ സമാപന ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. വിജയകരമായി ക്യാമ്പ് പൂർത്തിയാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റും ക്യാമ്പിൽ വ്യക്തിഗത മികവ് പുലർത്തിയ കുട്ടികൾക്ക് മെമെന്റോയും വിതരണം ചെയ്തു. താമരശ്ശേരി രൂപതയിലെ വൈദിക വിദ്യാർ ഥികളും സ്റ്റാർട്ടിലെ പൂർവ്വ വിദ്യാർത്ഥികളും ക്യാമ്പിന് നേതൃത്വം നൽകി.

## START BRIGHT FUTURE EDUPROGRAMME 2024

താമരശ്ശേരി രൂപതയിലെ വിവിധ ഫൊറോനകളിൽ സ്റ്റാർട്ടിന്റെ നേതൃത്വത്തിൽ ബ്രൈറ്റ് ഫ്യൂച്ചർ എജ്യൂ പ്രോഗ്രാം സംഘടിപ്പിച്ചു.

മാറുന്ന കാലത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെയും ജോലിയു ടെയും സാധ്യതകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതി നായിരുന്നു പരിപാടി സംഘടിപ്പിച്ചത്. രൂപതയിലെ വിശ്വാസപരി ശീലന കേന്ദ്രത്തിന്റെ സഹകരണത്തോടെയാണ് START BRIGHT FUTURE EDUPROGRAMME 2024 തിരുവമ്പാടി, കൂരാച്ചുണ്ട്, കോടഞ്ചേരി, പെരിന്തൽമണ്ണ എന്നീ ഫൊറോനകളിലും പുല്ലൂ രാംപാറ ഇടവകയിലും സംഘടിപ്പിച്ചത്.

വിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാക്കിയ അഭിരുചി നിർണ്ണയ പരീക്ഷയും കരിയർ ഗൈഡൻസ് ക്ലാസും സംഘടിപ്പിച്ചു. കരിയർ ഗൈഡൻസ് വിദഗ്ധരായ പ്രൊഫസർ ഷിജിത്ത് തോമസ്, പ്രൊഫ. പി ടി എബ്രഹാം, സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ എന്നിവർ നേതൃത്വം നൽകി.

## ADMISSION OPEN INTEGRATED RESIDENTIAL PLUSTWO COURSE

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോഴിക്കോടുള്ള (St Thomas Academy for Research and Training) കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കുന്ന തോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റികളി ലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMS, NITs etc.) പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുകയാണ്.

ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരുപ്പി ടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാരത്തോടെ പഠിക്കുവാനും അവരുടെ ഭാവിജീവിതം ശോഭനമാക്കുവാനും, പ്ലസ്റ്റു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പരീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ ഭാഷകൾ സംസാ രിക്കുന്ന വിദേശികളായ അദ്ധ്യാപകരുടെയും ക്ലാസുകൾ ഉണ്ടായിരിക്കും.

**OBJECTIVE OF START SPECIALITY**

- PLUSTWO Humanities and Commerce പഠനത്തോടൊപ്പം National and Inter national level competitive പരീക്ഷൾക്കും ട്രെയിനിംഗ് നൽകുന്നു.
- Mental, Psychological and minutely organized preparation to take ANY ENTR NACE EXAM ANYWHERE IN THE WORLD in ANY UNIVESITY/COLLEGE in India and abroad.
- CUET, IPM, CLAT, NDA Technical and nonTechnical, NID, JEE, KEAM, CUSAT CAT എന്നീ അഖിലേന്ത്യ തലത്തിലുള്ള പ്രധാന എൻട്രൻസ് പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നു.
- സ്റ്റാർട്ടിൽത്തന്നെ താമസിച്ചുള്ള രണ്ടു വർഷത്തെ കോഴ്സ്.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.

**ADMISSION OPEN – പ്ലസ്ടുവിന് ശേഷം കുട്ടികളെ ഒരുക്കുന്ന സ്റ്റാർട്ടിന്റെ ഏകവത്സര കോഴ്സായ MTC**

അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവ്വകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി, മികവുറ്റ വിധം പഠനം പൂർത്തിയാക്കി, നേതൃ പദവികളിൽ എത്തുവാൻ പ്ലസ്ടുവിന് ശേഷം കുട്ടികളെ ഒരുക്കുന്ന സ്റ്റാർട്ടിന്റെ ഏകവത്സര കോഴ്സായ മാസ്റ്റർ ട്രെയിനിങ് കോഴ് സിന്റെ (MTC) പത്തൊൻപതാമത്തെ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ കഴി വുകളും അഭിരു ചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കുവാനും ഏകവത്സര കോഴ്സായ (MTC) കുട്ടികളെ സഹായിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് : 0495 2357843, 9037107843 (Office),

97444458111 (ഡയറക്ടർ) Website: www.startindia.org

Email: office@startindia.org, startcalicut22@gmail.com

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കൗൺസിലിംഗ്

ശരീരത്തെ മാത്രമല്ല മനസിനേയും രോഗാതുരമാക്കുന്ന ഇന്ന ത്തെ ജീവിതരീതികളിലും ശൈലികളിലും സാഹചര്യങ്ങളിലും ചെറുത്തുനിൽപിന്റെ പ്രതിരോധം സൃഷ്ടിക്കുവാനും നിലവിലുള്ള മാനസികാരോഗ്യത്തെ വർധിപ്പിക്കുവാനും മാനസികമായ പ്രശ്ന ങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കുന്നവരിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും മേന്മയുള്ള ജീവിതം രൂപപ്പെടുത്തുവാനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു.

## കോഴ്സുകൾ:

**പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കകോഴ്ുസകൾ:**

1. എം എസ് സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം എസ് സി ഇൻ ഗൈഡൻസ് & കൗൺസിലിംഗ് (ഓൺലൈൻ)

♦ അഡ്മിഷൻ ആരംഭിച്ചു: പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ നടത്തപ്പെടുന്ന കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. താത്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.

**Contact No: 9496575018 / 9037379180**

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ALPHA Inspire to illumine

Managed by Diocese of Thamarassery

# ആൽഫ മരിയ അക്കാദമി

## ജർമൻ ഭാഷാ പരിശീലനം

കുന്നമംഗലം ആൽഫ മരിയ അക്കാദമിയിൽ ജർമ്മൻ ഭാഷയുടെ ക്ലാസുകൾ ഏപ്രിൽ 15ന് ആരംഭിച്ചു. ഈ വർഷത്തെ ആദ്യ ബാച്ചിൽ 35 കുട്ടികൾ ജോയിൻ ചെയ്തു. അടുത്ത ബാച്ച് മെയ് 6ന് ആരംഭിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം. മിതമായ ഫീസിൽ 8 മാസത്തെ പരിശീലനമാണ് നൽകുന്നത്.

## കർണാടക കോമൺ എൻട്രൻസ് ടെസ്റ്റ് (KCET 2024)

താമരശ്ശേരി രൂപതയും എൽഡിഎസും ആൽഫയും സംയുക്തമായി തിരുവമ്പാടി, കുന്നമംഗലം, പെരിന്തൽമണ്ണ, കൂരാച്ചുണ്ട് എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച് കർണാടക കോമൺ എൻട്രൻസ് ടെസ്റ്റ് (KCET 2024) പരീക്ഷയുടെ ഏകദിന പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചു. പരിശീലന ക്ലാസുകൾക്ക് ആൽഫ ഡയറക്ടർ ഫാ. ജോസഫ് പുളിച്ചമാക്കൽ, എൽഡിഎസ് ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, ശ്രീ. ഷിനോജ്, ശ്രീ. വിജേഷ് എന്നിവർ നേതൃത്വം നൽകി.

കർണാടക എൻട്രൻസ് പരീക്ഷയ്ക്ക് ഒരുക്കമായുള്ള 50 മണിക്കൂർ ക്രാഷ് കോഴ്സ് സംഘടിപ്പിച്ചു. ക്രാഷ് കോഴ്സിന് 40 കുട്ടികൾ പങ്കെടുത്തു.

## സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്

സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസുകൾ ജൂൺ 8 മുതൽ ആരംഭിക്കുന്നു. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്കൂൾ പഠനത്തോടൊപ്പം പൊതുവിജ്ഞാനം, കറന്റ് അഫയേഴ്സ്, പ്രസംഗ പരിശീലനം തുടങ്ങിയ വിഷയങ്ങളിൽ പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# കെ.സി.വൈ.എം
# എസ്.എം.വൈ.എം

### യൂത്ത് കൺവെൻഷൻ

ജോലിയുടെയും പഠനത്തിന്റെയും ഭാഗമായി നാട്ടിലെത്തു മ്പോൾ, കുമ്പ സാരിച്ച് ഈസ്റ്റർ ദിനത്തിൽ പള്ളിയിൽ പോകാനുള്ള അവസരം ലഭിക്കാത്ത യുവജനങ്ങൾക്കായി മാർച്ച് 30 ദുഃഖശനിയാഴ്ച കുമ്പസാരിക്കാൻ പ്രത്യേക അ വസരമൊരുക്കി.

### മേഖല യൂത്ത് കോൺഫ്രൻസ് (MYC)

അവധിക്കാലത്തിന്റെ ആലസ്യത്തിലേക്ക് പ്രവേശിക്കുന്ന ഈ വേനൽക്കാ ലത്ത്, സഭയുടെ കരുത്തായ യുവജനങ്ങൾക്കായി കത്തോലിക്ക സഭയുടെ യു വത്വത്തിന് സംഘടനാ ശാക്തീകരണത്തിന്റെ കാലം. ഒത്തൊരുമയുടെ മഹാ സന്ദേശം വഹിച്ചു. 11 മേഖലകളിൽ നിന്നായി 1200 ലധികം യുവജന നേതാക്ക ന്മാർ ഒരുമിക്കുന്ന മേഖല യൂത്ത് കോൺഫ്രൻസ് ഏപ്രിൽ 06 മുതൽ മെയ് 26 വരെ നടത്തപ്പെടുന്നു.

ലോഗോ പ്രകാശനം താമരശ്ശേരി രൂപതയുടെ യുവജന പ്രസ്ഥാ നത്തിന്റെ യുവജന നേതാക്കന്മാർ മേഖല തലത്തിൽ ഒന്നിച്ചുകൂടുന്ന മേഖല യൂത്ത് കോൺഫ്രൻസിന്റെ (MYC) ലോഗോ മാർച്ച് 27 ബുധനാഴ്ച താമരശ്ശേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് പ്രകാശ നം ചെയ്തു.

### MYC ട്രെയിനിംഗ് ക്യാമ്പ്

ഏപ്രിൽ 4, വ്യാഴാഴ്ച രൂപത ഓഫീസിൽ വെച്ച് MYC റിസോഴ്സ് ടീം പ്രാ ക്റ്റീസ് സംഘടിപ്പിച്ചു. രൂപത സമിതി അംഗങ്ങൾ പങ്കെടുത്തു. വിവിധ മേഖല കളിലേക്കായി രൂപത സമിതി അംഗങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ട്രെയിനിം ഗിൽ പങ്കെടുത്തു.

MYC ഒന്നാം ദിനം രൂപതാതല ഉദ്ഘാടനം കെ.സി.ബി.സി. യുവജന വർഷത്തിന്റെ ഭാഗമായി കെ.സി.വൈ.എം. താമരശ്ശേരി രൂപത 11 മേഖലകളി ലായി നടത്തി വരുന്ന മേഖല യൂത്ത് കോൺഫ്രൻസ് ഏപ്രിൽ 6 ശനിയാഴ്ച പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ ദേവഗിരി ആശാകിരൺ ഓഡിറ്റോറി യത്തിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാ ടനം ചെയ്തു. പാറോപ്പടി മേഖല പ്രസിഡന്റ് ജോഫിൻ ജോസഫിന്റെ അധ്യ

ക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ മേഖല ഡയറക്ടർ ഫാ. ആൽബിൻ സ്രാമ്പിക്കൽ, അനിമേറ്റർ സി. പാവന CMC, LDS ഡയറക്ടർ ഫാ. സായി പാറംകുളങ്ങര, ജെറമിയ ഇൻസ്റ്റിറ്റ്യൂട്ട് എംഡിയും മുൻ രൂപത പ്രസിഡന്റുമായ കരോൾ കെ ജോൺ, ജോബീസ് ടോപ്പേഴ്സ് എം. ഡി ജോബി, MVM ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധിനിധിയായ ടെറിൻ എന്നിവർ സംസാരിച്ചു. രൂപത സമിതി അംഗങ്ങൾ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

MYC രണ്ടാം ദിനം ഏപ്രിൽ 13 ന് തോട്ടുമുക്കം മേഖല MYC ചുണ്ടത്തുംപൊയിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ഫാ. ആന്റോ മൂലയിൽ ഉദ്ഘാടനം ചെയ്തു.

MYC മൂന്നാം ദിനം ഏപ്രിൽ 14 ന് കോടഞ്ചേരി മേഖലയിൽവെച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐകുളമ്പിൽ ഉദ്ഘാടനം ചെയ്തു.

MYC നാലാം ദിനം ഏപ്രിൽ 20 ന് കൂരാച്ചുണ്ട് മേഖലയിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ഫാ. വിൻസെന്റ് കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു.

MYC അഞ്ചാം ദിനം ഏപ്രിൽ 21 ന് മലപ്പുറം മേഖലയിൽ വെച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി ഫാ. മാത്യു നിരപ്പേൽ ഉദ്ഘാടനം ചെയ്തു.

### കേരള സ്റ്റോറി പ്രദർശനം

സഭയ്ക്കും നാടിനും വേണ്ടി നിലകൊള്ളുന്ന യുവജനങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഇടുക്കി രൂപത സുവിശേഷോത്സവ വേളയിൽ 'ദ കേരള സ്റ്റോറി' പ്രദർശിപ്പിച്ചത് വലിയ ചർച്ചക്കുകാരണമായ സാഹചര്യത്തിൽ സഭയുടെ മക്കളെ പ്രതിരോധത്തിന്റെ പരിശീലകരാക്കുകയെന്ന കാലഘട്ടത്തിന്റെ ആവശ്യകതയെ തിരിച്ചറിഞ്ഞ ഇടുക്കി രൂപതയ്ക്ക് അഭിനന്ദനങ്ങൾ നേരുകയും അവർക്ക് പിന്തുണ അറിയിച്ച് കൊണ്ട് താമരശ്ശേരി രൂപത കെസിവൈഎം 'ദ കേരള സ്റ്റോറി' പ്രദർശിപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാകുടിയിൽ പ്രസിഡന്റ് റിച്ചാൾഡ് ജോൺ എന്നിവർ പ്രതികരിക്കുകയും വിശദീകരണങ്ങൾ നൽകുകയും ചെയ്തു.

### 'സ്നേഹപൂർവ്വം കെ.സി.വൈ.എം'

പൊതിച്ചോറ് വിതരണത്തിന്റെ മൂന്നാം ദിവസം മലപ്പുറം മേഖലയുടെ നേതൃത്വത്തിൽ ഏപ്രിൽ 14 ന് മഞ്ചേരി താലൂക്ക് ആശുപത്രിയിലെ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമായി പൊതി ച്ചോറ് വിതരണം ചെയ്തു.

### പ്രാർത്ഥനാ കൂട്ടായ്മ

മാർച്ച് 24 ന് സ്പിരിചൽ ടീമിന്റെ നേതൃത്വത്തിൽ പെന്തക്കുസ്ത ഒരുക്ക പ്രാർത്ഥനാ യജ്ഞത്തിന്റെ മുന്നോടിയായി രൂപത സമിതി അംഗങ്ങൾ ഓൺലൈൻ ആയി ഒരുമിച്ച് കൂടി പ്രാർത്ഥന കൂട്ടായ്മ നടത്തി.

## ഹോളി ഫയർ: പെന്തക്കുസ്ത ഒരുക്ക പ്രാർത്ഥനാ യജ്ഞം

കെ.സി.ബി.സി. യുവജന വർഷമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കേരള കത്തോലിക്ക സഭയിലെ യുവജനങ്ങൾക്കായി, ഈശോയുടെ ഉത്ഥാന തിരുനാൾ (മാർച്ച് 31) മുതൽ പെന്തക്കുസ്ത തിരുനാൾ ദിനം (മെയ് 19) വരെയുള്ള ദിവസങ്ങളിലായി, HOLY FIRE എന്ന വാട്സ്ആപ്പ് കൂട്ടായ്മയിലൂടെ രണ്ടു ലക്ഷം യുവജന വർഷ പ്രാർത്ഥന ചൊല്ലി സഭയുടെ കരുത്താകേണ്ട യുവജനങ്ങൾക്കുവേണ്ടി, യുവജനങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനും വിശുദ്ധീകരിക്കപ്പെടുന്നതിനും വിശ്വാസത്തിൽ ആഴപ്പെടുന്നതിനും വേണ്ടി, കേരള കത്തോലിക്ക സഭയുടെ കൂട്ടായ്മ വളരുവാനും എല്ലാ പ്രതിസന്ധികളും അവസാനിക്കുന്നതിനും വേണ്ടി ഭാരതത്തിന്റെയും നാടിന്റെയും സമഗ്രമായ നവീകരണത്തിനും ഭരണാധികാരികൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിനും നിയോഗങ്ങൾ വെച്ച് പ്രാർത്ഥന ചൊല്ലാൻ ആരംഭിച്ചു.

## കെ.സി.വൈ.എം. സംസ്ഥാന സമിതി പ്രവർത്തന വർഷ ഉദ്ഘാടനവും കർമ്മ പദ്ധതി പ്രകാശനവും

പാലാ രൂപതയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 7 നു നടന്ന കെ.സി. വൈ.എം. സംസ്ഥാന സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനത്തിലും കർമ്മ പദ്ധതി പ്രകാശനത്തിലും രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി അലീന മാത്യു, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപാറ, ആഗി മരിയ, സംസ്ഥാന സെനറ്റ് അംഗമായ ആൽബിൻ ജോസ് എന്നിവർ പങ്കെടുത്തു.

## അവീവ് 2K24

കോഴിക്കോട് ഗദ്സമനി ധ്യാനകേന്ദ്രവും കെ.സി.വൈ.എം. താമരശ്ശേരി രൂപതയും സംയുക്തമായി യുവജനങ്ങൾക്കായി ഏപ്രിൽ 18 മുതൽ 21 വരെ യുവജന കൺവൻഷൻ AVIV 2K24 സംഘടിപ്പിച്ചു. ഈശോയുടെ തിരുരക്തത്തിൽ അഭിഷിക്തരായി കേരളത്തിനകത്തും പുറത്തും നിന്നുമുള്ള സഭയുടെ യുവശക്തിയെ വാർത്തെടുക്കാനായി കോഴിക്കോട് ഗദ്സമനി ധ്യാനകേന്ദ്രത്തിലെ ഏറെ പ്രിയപ്പെട്ട എം.എസ്.എം.ഐ. സന്ന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കൺവെൻഷനിൽ യുവജനങ്ങൾ പങ്കെടുക്കുകയും അനുഭവഭേദ്യമായി മാറ്റുകയും ചെയ്തു. പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ നടന്ന ഈ യുവജന കൺവെൻഷനിൽ മേഖല ഡയറക്ടർ ആൽബിൻ സ്രാമ്പിക്കൽ അച്ചന്റെയും പ്രസിഡന്റ് ജോഫിൻ ജോസഫിന്റെയും സെക്രട്ടറി റോഷൻ ജിതേഷിന്റെയും നേതൃത്വത്തിൽ യുവജനങ്ങൾ വൊളന്റിയർമാരായി പ്രവർത്തിച്ചു.

### ആദരാഞ്ജലികൾ

ചീരട്ടാമല യൂണിറ്റ് അംഗം ജോമറ്റ് സിൻസൺന്റെ നിര്യാണത്തിൽ കെ.സി. വൈ.എം. താമരശ്ശേരി രൂപത പ്രസ്ഥാനത്തിന്റെ അനുശോചനം രേഖപ്പെടുത്തുകയും ഭവനം സന്ദർശിച്ചു മാതാപിതാക്കളെ ആശ്വസിപ്പിക്കുകയും ചെയ്തു.

### ആശംസകൾ

* മാർച്ച് 25 മംഗളവാർത്ത തിരുനാൾ മംഗളങ്ങൾ നേർന്നു.

* വിശുദ്ധ വാരത്തിന്റെ ആശംസകൾ നേർന്നു.

* രൂപത കെ.സി.വൈ.എം. ഡയറക്ടർ ആയ ഫാ. ജോർജ് വെള്ളക്കാകുടിയിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായിട്ടുള്ള ഫാ. ജോബിൻ തേക്കേക്കരമറ്റത്തിൽ, ഫാ. സബിൻ തൂമുള്ളിൽ എന്നിവർക്ക്, പ്രിയപ്പെട്ട ഡയറക്ടർ അച്ചന്മാർക്ക് പൗരോഹിത്യ സ്ഥാപനത്തിന്റെ തിരുനാൾ ആശംസകൾ നേർന്നു.

* ഏപ്രിൽ 7 തൊട്ടറിഞ്ഞവന്റെ അഭിമാനത്തിൽ മാർത്തോമ ക്രിസ്ത്യാനിയുടെ പുതുഞായർ മംഗളങ്ങൾ നേർന്നു.

* ഇടയ ശുശ്രൂഷയിൽ 14 വർഷങ്ങൾ പിന്നിടുന്ന അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന് രൂപത യുവജന പ്രസ്ഥാനത്തിന്റെ ആശംസകൾ നേർന്നു.

* സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് ജന്മദിനാശംസകൾ നേർന്നു.

* താമരശ്ശേരി രൂപത യുവജന പ്രസ്ഥാനത്തിന്റെ ശക്തയായ സെക്രട്ടറി അലോന എലിസബത്ത് തോമസിന് ജന്മദിനാശംസകൾ നേർന്നു.

* നാളിതുവരെ രൂപത യുവജന പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി സേവനം ചെയ്ത് ഉപരി പഠനത്തിനായി വിദേശത്തേക്ക് യാത്രയാകുന്ന ജോയൽ ആന്റണിക്ക് പ്രാർത്ഥനാശംസകൾ നേർന്നു.

* കെ.സി.വൈ.എം. എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ 2023 സമിതിയിലെ കെ.സി.വൈ.എം. എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ 2023 സമിതിയിലെ ജനറൽ സെക്രട്ടറി ജസ്റ്റിൻ സൈമണിനും അഞ്ജനയ്ക്കും വിവാഹമംഗളങ്ങൾ ആശംസിച്ചു.

ഏപ്രിൽ 24, വി. ഗീവർഗീസിന്റെ തിരുനാൾ ദിനത്തിൽ കെ.സി.വൈ.എം. എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ ഡയറക്ടർ ജോർജ് വെള്ളക്കാകുടിക്ക് നാമഹേതുക തിരുനാൾ ആശംസകൾ അറിയിക്കുകയും മധുരം പങ്ക് വയ്ക്കുകയും ചെയ്തു.

## അറിയിപ്പുകൾ

### യുവജന വർഷ പ്രോജക്ട്: കോർ ടീം മീറ്റിംഗ്

യൂത്ത് പ്രോജക്ടിന്റെ ഭാഗമായി യുവജനങ്ങൾക്കായി നടപ്പാക്കാൻ പോകുന്ന യൂത്ത് പ്രോജക്റ്റിലെ കോർ ടീം അംഗങ്ങൾക്ക് (തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾ, സിസിറ്റേഴ്സ്, വൈദികർ) മെയ് മാസം രണ്ടാം തീയതി PMOC യിൽ വച്ച് രാവിലെ 10 മണി മുതൽ 4 മണിവരെ സെമിനാർ നടത്തപ്പെടുന്നതാണ്.

### മേഖല യൂത്ത് കോൺഫറൻസുകൾ (MYC)

മേഖല യൂത്ത് കോൺഫറൻസുകൾ (MYC) 6 മേഖലകളിൽ വളരെ വിജയകരമായി നടത്തിയിരിക്കുകയാണ്. മെയ് 4 താമരശ്ശേരി, മെയ് 11 കരുവാരകുണ്ട്, മെയ് 18 മരുതോങ്കര, മെയ് 25 വിലങ്ങാട്, മെയ് 26 തിരുവമ്പാടി എന്നീ മേഖലകളിൽ മേഖലാ യൂത്ത് കോൺഫറൻസുകൾ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെടുന്നതായിരിക്കും. ഓരോ യൂണിറ്റുകളിൽ നിന്നും 10 എക്സിക്യൂട്ടീവ് മെമ്പേഴ്സിനെ MYC കളിലേക്ക് പറഞ്ഞയക്കുവാനായിട്ട് ശ്രദ്ധിക്കുമല്ലോ.

### അത്‌ലറ്റിക്കോസ് ബാസ്ക്കറ്റ്ബോൾ 3 ഓൺ 3

താമരശ്ശേരി രൂപതയിൽ യുവജനങ്ങളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, കൂട്ടായ്മയിൽ ചേർത്തുനിർത്തുന്നതിനുമായി എല്ലാവർഷവും നടത്തപ്പെടുന്ന കായിക മാമാങ്കങ്ങൾക്ക് Athleticos തുടക്കം കുറിക്കുകയാണ്. മെയ് ഏഴാം തീയതി താമരശ്ശേരി സെൻറ് അൽഫോൻസാ മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്ന ബാസ്ക്കറ്റ്ബോൾ ത്രീ ഓൺ ത്രീ മത്സരങ്ങളിൽ ഇടവകയിലെ യുവജനങ്ങൾക്കും വൈദികർക്കും ബ്രദേഴ്സിനും പങ്കെടുക്കാവുന്നതാണ്. മറ്റു നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, കെ.സി,വൈ.എം - എസ്.എം.വൈ.എം

# കത്തോലിക്കാ കോൺഗ്രസ്

## കത്തോലിക്ക കോൺഗ്രസ് അംഗത്വ വിതരണവും യൂണിറ്റ് രൂപീകരണവും

2024 – 2027 പ്രവർത്തന വർഷത്തിലെ തിരഞ്ഞെടുപ്പിനു മുന്നോടിയായി കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരണം താമരശ്ശേരി രൂപതയിൽ പൂർത്തിയാക്കി. 74 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു. 8760 അംഗങ്ങൾ പുതിയതായി കത്തോലിക്ക കോൺഗ്രസിൽ അംഗത്വം എടുത്തു. മാർച്ച് മാസം അവസാനത്തോടെ യൂണിറ്റ്തല തിരഞ്ഞെടുപ്പുകൾ പൂർത്തിയായി. സീറോ മലബാർ സമുദായ അംഗങ്ങളുടെ ഏക സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്ക കോൺഗ്രസ്സിന് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നൽകുന്ന പിന്തുണ വലുതാണ്. സംഘടന ശക്തിപ്പെടുത്തുന്നതിന് ശക്തമായ നേതൃത്വം നൽകിയ എല്ലാ യൂണിറ്റ് ഡയറക്ടർ അച്ചന്മാർക്കും, യൂണിറ്റ്, ഫൊറോന, രൂപത സമിതി അംഗങ്ങൾക്കും, പ്രവർത്തകർക്കും ഹൃദയപൂർവ്വം നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

## ഫൊറോന തല തിരഞ്ഞെടുപ്പ്

ഏപ്രിൽ മാസം കത്തോലിക്ക കോൺഗ്രസിന്റെ ഫൊറോനതല തിരഞ്ഞെടുപ്പ് നടക്കുകയാണ്. കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത ഫൊറോന തിരഞ്ഞെടുപ്പ് വിജ്ഞാപനം കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത സമിതി തിരഞ്ഞെടുപ്പ് ഭരണാധികാരി 2024– 2027 വർഷത്തെ സംഘടനയുടെ ഫൊറോന തല തിരഞ്ഞെടുപ്പ് നടത്തുന്നതിന് തീരുമാനിച്ചതനുസരിച്ച് പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് വിജ്ഞാപനം,

1. ഫൊറോന തിരഞ്ഞെടുപ്പിന്റെ ഭരണാധികാരി ഫൊറോന ഡയറക്ടറോ അദ്ദേഹം രേഖാമൂലം ചുതലപ്പെടുത്തുന്ന ആളോ ആയിരിക്കും. ആവശ്യമെന്ന് തോന്നുന്ന സാഹചര്യത്തിൽ രൂപത വരണാധികാരികളുടെ സഹായം തേടാവുന്നതാണ്.
2. ഒരു ഫൊറോനയിൽ അഞ്ചിൽ കുറയാത്ത ഇടവകകളിൽ ശാഖകൾ ഉണ്ടെങ്കിൽ ഫൊറോന സമിതി രൂപീകരിക്കാവുന്നതാണ്. അല്ലാത്തപക്ഷം രൂപത ഭരണാധികാരികളിൽ നിന്ന് അനുമതി തേടേണ്ടതാണ്,
3. ഫൊറോനകളിൽ പ്രസിഡൻറ്, സെക്രട്ടറി, ട്രഷറർ, രണ്ടു വൈസ് പ്രസിഡന്റുമാർ (ഒരാൾ വനിത) എന്നീ ഭാരവാഹികളോടൊപ്പം ആകെ 13ൽ കുറയാതെയും 17ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെടുന്ന ഭരണസമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്. സമിതിയുടെ കാലാവധി മൂന്നുവർഷം ആയിരിക്കും

4. ഫൊറോന സമിതിയുടെ പ്രസിഡൻറ്, സെക്രട്ടറി, ട്രഷറർ എന്നിവർ രൂപത പ്രതിനിധിസഭ അംഗങ്ങൾ ആയിരിക്കും.
5. ഫൊറോന തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉള്ളത് ശാഖയിലെ പ്രസിഡൻറ്, സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡൻറ്മാർ, രൂപത പ്രതിനിധികൾ എന്നിവർക്കാണ്.
6. ഫൊറോന തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉള്ളവർക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി മത്സരിക്കാൻ സാധിക്കൂ.
7. ഫൊറോന തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഉള്ളവരുടെ ലിസ്റ്റ് 2024 ഏപ്രിൽ 17 നകം രൂപതാ ഭരണാധികാരി ഫൊറോനാ ഭരണാധികാരിക്ക് ലഭ്യമാക്കുന്നതാണ്. പ്രസ്തുത ലിസ്റ്റ് അന്ന് തന്നെ ഫൊറോന ഭരണാധികാരികൾ പ്രസിദ്ധീകരിക്കേണ്ടതാണ്.
8. വോട്ടർമാരുടെ ലിസ്റ്റിനെ സംബന്ധിച്ചുള്ള ആക്ഷേപം 2024 ഏപ്രിൽ 18 വരെ വരണാധികാരികൾക്ക് സ്വീകരിക്കാവുന്നതാണ്. ആക്ഷേപങ്ങൾ പരിഹരിച്ചതിനുശേഷം 2024 ഏപ്രിൽ 19ന് 5:00 മണിക്കുള്ളിൽ വരണാധികാരികൾ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.
9. 2024 ഏപ്രിൽ 20 വൈകിട്ട് 5 മണി വരെ ഫൊറോന വരണാധികാരിക്ക് നാമനിർദ്ദേശപത്രിക സ്വീകരിക്കാവുന്നതാണ്.
10. 2024 ഏപ്രിൽ 21 ഉച്ചയ്ക്ക് 12:30 വരെ നാമനിർദ്ദേശപത്രിക പിൻവലിക്കാവുന്നതാണ്.
11. 2024 ഏപ്രിൽ 22 ന് വൈകിട്ട് അഞ്ചുമണിക്ക് അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കാവുന്നതാണ്.
12. ആവശ്യമായ നാമനിർദ്ദേശപത്രികകൾ ലഭിക്കാത്ത പക്ഷം സന്നിഹിതരായിട്ടുള്ള പ്രതിനിധി സഭാംഗങ്ങളുമായി കൂടിയാലോചിച്ച് പാനൽ രൂപീകരിച്ച് ഭാരവാഹികളെ നിശ്ചയിക്കാവുന്നതാണ്.
13. തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം 2024 ഏപ്രിൽ 28 നുള്ളിൽ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കണം.
14. ഫൊറോനാ സമിതികളുടെ തിരഞ്ഞെടുപ്പ് 2024 ഏപ്രിൽ 28 നകം പൂർത്തീകരിച്ച്, ഏപ്രിൽ 29ന് എഛരഞങ്ങ ആ പൂരിപ്പിച്ച് രൂപത ഭരണാധികാരികളെ ഏൽപ്പിക്കേണ്ടതാണ്.

തിരഞ്ഞെടുപ്പ് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനായി രൂപതാതല ഭരണാധികാരികളെ ബന്ധപ്പെടുക:

ഫാ. മാത്യു തൂമുള്ളിൽ - 8086442992

അഡ്വ. ജിമ്മി ജോർജ്ജ് ചെറുകാട്ടിൽ - 9497081897

**വിവിധ ഫൊറോനകളിൽ തിരഞ്ഞെടുപ്പ് നടത്തപ്പെടുന്ന തീയതികൾ**

തോട്ടുമുക്കം - 24.04.2024

വിലങ്ങാട് - 24.04.2024

തിരുവമ്പാടി - 28.04.2024

പെരിന്തൽമണ്ണ - 28.04.2024

താമരശ്ശേരി - 28.04.2024

കോടഞ്ചേരി - 28.04.2024

പാറോപ്പടി - 28.04.2024

മലപ്പുറം - 28.04.2024

മരുതോങ്കര - 27.04.2024

കൂരാച്ചുണ്ട് - 28.04.2024

കരുവാരക്കുണ്ട് - 28.04.2024

**രൂപതാതല തിരഞ്ഞെടുപ്പ്**

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപതാതല തിരഞ്ഞെടുപ്പ് 2024 മെയ് 17ന് നടത്താൻ തീരുമാനിച്ചു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ്

## ഇൻഫാം

താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ താമരശ്ശേരി മാർ മങ്കുഴിക്കരി ഓഡിറ്റോറിയത്തിൽ ഇൻഫാം ഭാരവാഹികളുടെ നേതൃത്വ സംഗമം നടത്തി. ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ സംഗമം ഉദ്ഘാടനം ചെയ്തു യോഗത്തിൽ ഇൻഫാം നാഷണൽ അസിസ്റ്റൻറ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി ശ്രീ. അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ അധ്യക്ഷനായിരുന്നു. നാഷണൽ എക്സിക്യൂട്ടീവ് അംഗം ജോൺ കുന്നത്തേട്ട് ആമുഖപ്രഭാഷണം നടത്തി. താമരശ്ശേരി കാർഷിക ജില്ല ട്രഷറർ ബ്രോണി നമ്പ്യാർ പറമ്പിൽ സ്വാഗതവും വർക്കിംഗ് സെക്രട്ടറി ശ്രീ. മാർട്ടിൻ തെങ്ങുംതോട്ടത്തിൽ നന്ദിയും പറഞ്ഞു. താമരശ്ശേരി കാർഷിക ജില്ലയുടെ എക്സിക്യൂട്ടീവ് അംഗങ്ങളും താലൂക്ക് ഗ്രാമ തലങ്ങളിലെ ഭാരവാഹികളും മീറ്റിംഗിൽ പങ്കെടുത്തു. കാർഷിക ജില്ലയിലെ വിവിധ ഗ്രാമ യൂണിറ്റുകളിൽ നിന്നായി 50 ഓളം കർഷകർ പ്രസ്തുത നേതൃത്വ സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

താമരശ്ശേരി മരിയൻ പ്രോലൈഫിന്റെ രൂപതാ എക്സിക്യൂട്ടീവ് തിരുവമ്പാടിയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡണ്ട് ശ്രി. സജീവ് പുരയിടത്തിന്റെ സ്വാഗതത്തോടെ ആരംഭിച്ച സംമ്മളനത്തിൽ മരിയൻ പ്രോ-ലൈഫിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, തുടർന്ന് നടത്തുവാനിരിക്കുന്ന വിവിധ സംഗമങ്ങളെപ്പറ്റി തീരുമാനമെടുക്കുകയും ചെയ്തു. ചർച്ചകൾക്ക് രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ നേതൃത്വം നൽകി.

### സെന്റ് ജീയന്നാ ചാരിറ്റബിൾ ട്രസ്റ്റ്

നിർദ്ധനരായ വലിയ കുടുംബങ്ങൾക്ക്, ഭക്ഷണം. ചികിത്സ, ഭവന നിർമ്മാണം, വിവാഹം എന്നീ ആവശ്യങ്ങളിൽ അവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച സംഘടനയായ സെന്റ് ജീയന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ സുഗമമായ നടത്തിപ്പിനായി ഒരോ ഇടവകയിലും മരിയൽ പ്രോ-ലൈഫിന്റെ യുണിറ്റുകൾ സ്ഥാപിക്കുന്നതിനായി രൂപതാ കമ്മറ്റിയെ ചുമതലപെടുത്തി.

### മക്കളില്ലാത്ത ദമ്പതിമാരുടെ സമ്മേളനം (സാറാസ് കപ്പിൾസ് ഫോറം)

താമരശ്ശേരി മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യ ത്തിൽ പ്രവർത്തിക്കുന്ന മക്കളില്ലാത്ത ദമ്പതിമാരുടെ സംഘടനയായ സാറാസ് കപ്പിൾസ് ഫോറത്തിന്റെ രൂപതാ തല സമ്മേളനം 11.05.2024 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ താമര ശ്ശേരി മാർ മങ്കുഴിക്കരി മെമ്മോറിയൽ ഹാളിൽ വച്ച് നടത്തപ്പെടുന്നു. വന്ധ്യത നിവാരണ രംഗത്ത് വർഷങ്ങളായി സേവനം ചെയ്തു പരിചയമുള്ള ബഹുമാനപ്പെട്ട സിസ്റ്റർ ഡോ. സ്മൃതി എം.എസ്.ജെ ക്ലാസ് നയിക്കുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**

ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# യൂദിത്ത് ഫോറം

കെ.സി ബി.സി അംഗീകരിച്ച വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ താമരശ്ശേരി രൂപതാ വാർഷിക സമ്മേളനവും നിയമാവലി പ്രകാശനവും തിരുവമ്പാടി ഫൊറോനാ ദേവാലയത്തിൽ വച്ച് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു. സി.എം.സി പ്രൊവിൻഷ്യൽ റവ. സിസ്റ്റർ പവിത്ര റോസ് ക്ലാസ് നയിച്ചു. തുടർന്ന് നടന്ന യോഗത്തിൽ യൂദിത്ത് ഫോറം രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, മരിയാപുരം എപ്പിസ്കോപ്പൽ വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ, സി.എം.സി താമരശ്ശേരി പ്രൊവൈൻഷ്യൽ സിസ്റ്റർ പവിത്ര റോസ്, യൂദിത്ത് ഫോറം രൂപത ആനിമേറ്റർ സി. റെനി ജോസ് സിഎംസി, സിസ്റ്റർ വിമല എസ് എച്ച്, യൂദിത്ത് ഫോറം രൂപത പ്രസിഡൻറ് ശ്രീമതി മേരി പൗലോസ്, ശ്രീമതി ജോളി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. മരിയാപുരം എപ്പിസ്കോപ്പൽ ദേവാലയത്തിലെ യൂദിത്ത് ഫോറം അംഗങ്ങൾ കേരള കത്തോലിക്ക നസ്രാണികളുടെ പാരമ്പര്യ കലയായ വില്ലടിച്ചാൻ പാട്ട് മനോഹരമായി അവതരിപ്പിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് വിവിധ സന്യാസിനി സമൂഹത്തിലെ സിസ്റ്റർമാരുടെ നേതൃത്വത്തിൽ 250 ഓളം വിധവകളും ഏകസ്ഥരുമായവർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത്ഫോറം

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ദേവഗിരി ഏരിയ കൗൺസിലിന്റെ നേതൃത്വത്തിലുള്ള ഏകദിന സെമിനാർ മാർച്ച് 16 ശനിയാഴ്ച പാറോപ്പടി സെന്റ് ആന്റണീസ് ഫൊറോന ചർച്ച് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. എ. സി പ്രസിഡന്റ് ബ്രദർ റോയി ചാക്കോയുടെ അ ധ്യക്ഷതയിൽ ചേർന്ന യോഗം ഫൊറോന വികാരി ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. സി.സി പ്രസിഡന്റ് ബ്രദർ തോമസ് പുലിക്കോട്ടിൽ വൈസ് പ്രസിഡന്റ് ബ്രദർ സിറിയക് എന്നിവർ ആശംസകൾ അർപ്പിച്ചു. സ്നേഹാലയം കോർഡിനേറ്റർ ബ്രദർ പി. വി ജോൺ പുതിയാമഠത്തിൽ ക്ലാസുകൾ നയിച്ചു. എ.സി സെക്രട്ടറി ബ്രദർ മാത്യു ജോർജ് റിപ്പോർട്ടും കണക്കുകളും അവതരിപ്പി ച്ചു. ബ്രദർ പാപ്പച്ചൻ തെറ്റിയിൽ സ്വാഗതവും ബ്രദർ ബെന്നി ഓലിയ കാട്ടിൽ ന ന്ദിയും പറഞ്ഞു ഒരുമണിക്ക് സ്നേഹവിരുന്നൊടുകൂടി സെമിനാർ സമാപിച്ചു.

നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൾരാജ് പങ്കെടുത്ത സി. സി മീറ്റിംഗ് ഏപ്രിൽ ആറാം തീയതി പി.എം.ഒ.സി യിൽ വച്ച് നടത്തപ്പെട്ടു . സി. സി വൈസ് പ്രസിഡന്റ് ബ്രദർ സിറിയക് പാലംതട്ടേൽ സ്വാഗതം ആശം സിച്ചു. സി. സി പ്രസിഡന്റ് ബ്രദർ തോമസ് പുലിക്കോട്ടിൽ അധ്യക്ഷ പ്രസംഗം നടത്തി. ബ്രദർ ജൂഡ് മംഗൾരാജ് യോഗത്തെ അഭിസംബോധന ചെയ്ത് സം സാരിച്ചു. സൊസൈറ്റിയുടെ വേരുകളാണ് കോൺഫ്രൻസുകൾ എന്നും അത് ബലപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഭൗതിക സഹായത്തെക്കാ ൾ ആത്മീയ ഉണർവിന് പ്രാധാന്യം കൊടുക്കണമെന്നും തിരുസഭയ്ക്കുള്ള ആ ധ്യാത്മിക പിൻബലമാണ് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാർ റെമിജിയോസ് പിതാവിന്റെ അകമഴിഞ്ഞ പി ന്തുണയും രൂപതയിലെ വൈദികരുടെ സഹായവും ആണ് താമരശ്ശേരി സിസി യുടെ പ്രവർത്തനം മികവുറ്റതാകാൻ കാരണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കേരള റീജിയണൽ കോഡിനേഷൻ കമ്മിറ്റി പി.എം.ഒ.സിയിൽ സംഘടി പ്പിച്ച ഏകദിന സെമിനാറിൽ പങ്കെടുക്കാനാണ് നാഷണൽ കൗൺസിൽ പ്രസി ഡന്റ് കോഴിക്കോട് എത്തിയത്.

സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ താമരശ്ശേരി രൂപതയിലെ ആദ്യകാല അംഗവും ദീർഘകാല പ്രവർത്തകനും ആയിരുന്ന ബ്രദർ വി. ഐ. ആന്റോ വടക്കേതലയുടെ നിര്യാണത്തിൽ ഓശാന ഭവനിൽ വെച്ച് ചേർന്ന താ

മരശ്ശേരി സെൻട്രൽ കൗൺസിലിന്റെയും ദേവഗിരി ഏരിയ കൗൺസിലിന്റെയും സംയുക്ത യോഗം അനുശോചനം രേഖപ്പെടുത്തി. ദേവഗിരി സെന്റ് ജോസഫ് പള്ളിയിലെ വിൻസന്റ് ഡീ പോൾ സംഘടനയുടെ സ്ഥാപക അംഗവും ഓസാനാം മെഡിസിൻ സർവീസ് ഉൾപ്പെടെ എല്ലാ പ്രവർത്തനങ്ങളുടെയും പ്രധാന സാരഥിയും ആയിരുന്നു. ദേവഗിരി ഏരിയ കൗൺസിൽ പ്രസിഡന്റ് സെക്രട്ടറി ട്രഷറർ എന്നീ നിലകളിലും പലതവണ താമരശ്ശേരി സെൻട്രൽ കൗൺസിൽ ബോർഡ് അംഗമായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം സംഘടനയ്ക്ക് വലിയ നഷ്ടമാണെന്ന് യോഗം അനുസ്മരിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് സെന്റ് വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ അഗാധമായ ദു:ഖവും അനുശോചനവും അറിയിക്കുന്നു.

യോഗത്തിൽ ബ്രദർ തോമസ് പുലിക്കോട്ടിൽ, ബ്രദർ സിറിയക് പാലം തട്ടയിൽ, ബ്രദർ ഐസക് പാറക്കുളങ്ങര, ബ്രദർ റോയി ചാക്കോ, ബ്രദർ സൈമൺ തോമസ്, ബ്രദർ സൈമൺ സക്കറിയസ്, ബ്രദർ പി. വി സെബാസ്റ്റ്യൻ, ബ്രദർ കെ. സി ജെയിംസ്, ബ്രദർജേക്കബ് മാത്യു, പരേതന്റെ മക്കളായ ലിയോ, ലിനറ്റ് എന്നിവർ സംസാരിച്ചു. ബ്രദർ മാത്യു ജോർജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്

# കരിസ്മാറ്റിക് മൂവ്മെന്റ്

### ജൂബിലേവൂസ്

ജൂബിലി ഒരുക്കത്തിനായി കെ.സി.എസ്.സി. യുടെ നേതൃത്വത്തിൽ നടക്കുന്ന ആയിരം ദിനപ്രാർത്ഥനയുടെ ഭാഗമായി നമ്മുടെ സോണിൽ മാർച്ച് 20-ാം തീയതി മരുതോങ്കര സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ഉപവാസപ്രാർത്ഥന നടന്നു. ഫാ. ജോർജ്ജ് കളത്തൂർ സബ്സോൺ ആനിമേറ്റർ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. സബ്സോൺ കോ-ഓർഡിനേറ്റർ ബെന്നിച്ചൻ കറുകമാലിയും സോണൽ മദ്ധ്യസ്ഥപ്രാർത്ഥനാ കോർഡിനേറ്റർ ബാബു മാളിയേക്കലും പ്രോഗ്രാമുകൾ നേതൃത്വം നല്കി.

**പെനുവേൽ**

മാർച്ച് 21 ന് ആനക്കാംപൊയിൽ സെന്റ് മേരീസ് ദേവാലയത്തിലും മാർച്ച് 23 ന് ചേവായൂർ നിത്യസഹായ മാതാ പള്ളിയിലും ഏപ്രിൽ 5 ന് സെന്റ് ജോസഫ് ദേവാലയം നൂറാംതോട്ടിലും നടത്തി. ബഹു. വികാരി ഫാ. അഗസ്റ്റിൻ പാറ്റാനിയിലും ഫാ. ജോസഫ് പുത്തൂരും, ഫാ. ജോർജ്ജ് മുണ്ടക്കലും ഓരോ ഇടവകയിലും സജീവമായി നടക്കുവാൻ സഹായിച്ചു. അഗസ്റ്റിൻ മഠത്തിലിന്റെ നേതൃത്വത്തിലുള്ള സോണൽ ടീമംഗങ്ങളും, സബ്സോൺ കോർഡിനേറ്റർമാരായ മത്തായി അറക്കപ്പറമ്പിലും, ജോസ് വടക്കേലും ജോൺകുറ്റിപുത്തിങ്കലും നേതൃത്വം നൽകി. സോണൽ ആനിമേറ്റർ സായി പാറൻകുളങ്ങര കൺവെൻഷനുകൾക്ക് ക്ലാസ്സുകൾ നയിച്ചു. ഈവനിംഗ് കൺവെൻഷനുകൾ വളരെ അനുഗ്രഹപ്രദമായിരുന്നുവെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

**നേതൃസംഗമവും അഭിഷേകപ്രാർത്ഥനയും**

ഓരോ ഇടവകയിൽ നിന്നും പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രാർത്ഥനാ ഗ്രൂപ്പ് ലീഡർമാരുടെ സംഗമവും അഭിഷേകപ്രാർത്ഥനയും ഏപ്രിൽ 19 ന് പാറോപ്പടി സെന്റ് ആന്റണീസ് ദേവാലയത്തിൽ നടന്നു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നടത്തി. ലീഡർമാർക്ക് അഭിഷേകവും ശ്ലൈഹിക ആശീർവാദവും നൽകി. “വിളിയും ദൗത്യവും” എന്ന വിഷയത്തിൽ മുൻ ജീസസ് യൂത്ത് അംഗം ശിബി മംഗലത്ത് കരോട്ട് ക്ലാസ്സ് എടുത്തു. അഭിഷേക പ്രാർത്ഥനയ്ക്ക് ഒരുക്കമായി ഫാ. കുര്യൻ പുരമഠത്തിൽ ക്ലാസ്സ് എടുക്കുകയും അഭിഷേക പ്രാർത്ഥനക്ക് എല്ലാവരെയും ഒരുക്കുകയും ചെയ്തു. ഫൊറോനവികാരി ഫാ. ജോസഫ് കളരിക്കൽ, ഫാ. ബിനോയ് ചുനമാക്കിൽ എന്നിവർ ആശംസകൾ അർപ്പിക്കുകയും ഇടവക ദൈവാലയവും ഹാളും മറ്റ് സാഹചര്യങ്ങളും ഒരുക്കിതരുകയും ചെയ്തു. സോണൽ സർവ്വീസ് അംഗങ്ങളായ ജോൺസൺ, സോളി മഞ്ജു, തങ്കച്ചൻ കൊച്ചുവേലിക്കടത്ത്, ബാബു കോതാനി പ്രകാശ് കോലഞ്ചേരി മത്തായി, ഷാജൻ അറക്കപ്പറമ്പിൽ, വത്സമ്മ, സി. ഫിൽസി എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി. സബ്സോൺ കോ-ഓർഡിനേറ്റർ ജോസ് വടക്കേലിന്റെ നേതൃത്വത്തിൽ പാറേപ്പടി ഗ്രൂപ്പംഗങ്ങളും സബ്സേൺ സർവ്വീസ് ടീം അംഗങ്ങളും പ്രോഗ്രാം വിജയപ്രദമാക്കാൻ എല്ലാ സഹകരണവും ചെയ്തു. സമ്മേളനത്തിൽ 276 പേർ പങ്കെടുത്തു. സംഗമത്തിന് മുൻ ആനിമേറ്റർ ഫാ. സൈമൺ വള്ളോപ്പിള്ളി വിശുദ്ധബലി അർപ്പിച്ചു.

**ഫാ. സായി പാറൻകുളങ്ങര**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോസ് 2:24)

അവധിക്കാലത്തിന്റെ ആലസ്യത്തിൽ മുഴുകാതെ ഈശോയോടൊപ്പം പ്രാർത്ഥനയിൽ ആയിരിക്കുന്നതിനായി ബഥാനിയായിൽ ഏപ്രിൽ മാസം ഏറെ ശുശ്രൂഷകൾ ഒരുക്കിയിരുന്നു. കഠിനമായ വേനലിന്റെ അസ്വസ്തതകൾ മറന്നു കളഞ്ഞ് അനേകർ ഈ ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ വന്നു എന്നത് ദൈവ ജനത്തിന്റെ വിശ്വാസതീക്ഷ്ണതയുടെ പ്രകടനമായ തെളിവാണ്.

## കുട്ടികൾക്കായുള്ള ധ്യാനങ്ങൾ

ദൈവവചനത്തിന്റെ വെളിച്ചത്തിൽ ജീവിതവഴികളെ തിരിച്ചറിഞ്ഞ് നസ്രത്തിലെ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളർന്ന് വിശുദ്ധ ജീവിതത്തിലൂടെ കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും അനുഗ്രഹങ്ങളായിത്തീരാൻ സഹായകരമായ രീതിയിൽ ബഥാനിയ ഒരുക്കിയ വിവിധ ധ്യാനങ്ങളിൽ ആയിരത്തോളം കുട്ടികൾ പങ്കെടുത്തു.

ഏപ്രിൽ 8 മുതൽ 11 വരെ രൂപതയിലെ അൾത്താര സംഘത്തിലെ കുട്ടികൾക്കായുള്ള ധ്യാനം നടന്നു. 500ലധികം കുട്ടികൾ പങ്കെടുത്തു.

13 മുതൽ 16 വരെയായിരുന്നു 4,5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള ധ്യാനം നിർമ്മല ഹൃദയങ്ങളിൽ ഈശോയുടെ സ്നേഹവും പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറയത്തക്ക രീതിയിൽ ഒരുക്കപ്പെട്ട ധ്യാനത്തിൽ നൂറുകണക്കിന് കുഞ്ഞുങ്ങൾ പങ്കെടുത്തു.

27 മുതൽ 30 വരെയുള്ള ധ്യാനം 8,9,10,11 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കിയ ധ്യാനമായിരുന്നു. ബാല്യംവിട്ട് കൗമാരത്തിലേക്ക് പ്രവേശിക്കുന്ന കുഞ്ഞുങ്ങൾ കറപുരളാത്ത ശരീരവും ആത്മാവുമായി ഈശോയ്ക്ക് ഇഷ്ടപ്പെട്ട ജീവിതം നയിക്കുന്നവരായിത്തീരാൻ തക്കരീതിയിൽ ആയിരുന്നു ഈധ്യാനത്തിന്റെ ക്ലാസ്സുകളും ശുശ്രൂഷകളും ഒരുക്കിയിരുന്നത്.

## ജീവിതവിശുദ്ധീകരണ ധ്യാനം

ഏപ്രിൽ 19 മുതൽ 22 വരെയായിരുന്നു ഈ മാസത്തെ ജീവിത വിശുദ്ധീകരണ ധ്യാനം അവധിക്കാലമായതിനാൽ കുടുംബാഗങ്ങൾ ഒരുമിച്ച് ചേർന്ന് ധ്യാനിക്കുന്നതിനായി ധാരാളം കുടുംബങ്ങൾ ഈ ധ്യാനത്തിൽ പങ്കെടുത്തു എന്നത് ഒരു പ്രത്യേകതയായിരുന്നു. ബഥാനിയ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുളിക്കൽ ആണ് ഈ ധ്യാനം നയിച്ചത്.

### ഏകദിന കൺവെൻഷൻ

ഈ മാസം എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻ ഷനുകൾ നടന്നു. അവധിക്കാല യാത്രകളും ആഘോഷങ്ങളും ഒഴിവാക്കി വെള്ളിയാഴ്ചകൾ ബഥാനിയ ശുശ്രൂഷയ്ക്കായി മറ്റിവെ യ്ക്കുന്ന ആയിരങ്ങൾ ഓരോ ഏകദിന കൺവെൻഷനുകളിലും പങ്കെടുത്തു.

5-ാം തിയ്യതി നടന്ന ആദ്യ വെള്ളിയാഴ്ച ശുശ്രൂഷയിൽ ഉയിർപ്പു തിരുനാളിന്റെ പുത്തൻ ഉണർവ്വോടെയും ആനന്ദത്തോടെയു മാണ് ആളുകൾ ആളുകൾ പങ്കെടുത്തത്. രാവിലെ 9 മണിക്ക് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷയിൽ വി. കുരിശിന്റെ വഴി ജപമാല ദിവ്യകാരുണ്യ ആരാധന ഗാന ശുശ്രൂഷ, സൗഖ്യ ശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ വി. കുർബ്ബാന, വചന സന്ദേശം, വി. കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിങ് തുടങ്ങിയ ഉണ്ടാ യിരുന്നു.

### സ്പിരിച്ച്വൽ ഷെയറിങ്ങ്

നിത്യജീവിതത്തിൽ ദൈവേഷ്ട പ്രകാരം ജീവിക്കുന്നതിന് വേണ്ട ബോധ്യങ്ങൾക്കായി അനേകർ സ്പിരിച്ച്വൽ ഷെയറിങ് ശുശ്രൂഷയിൽ പങ്കെടുത്തു. പ്രത്യേകം പരിശീലനം ലഭിച്ച ബഹു സിസ്റ്റേഴ്സും അത്മയറുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

### മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും ബഥാനിയായിൽ മദ്ധ്യസ്ഥ പ്രാർത്ഥന സംഘടിപ്പിച്ചട്ടു ണ്ട്. കുടുംബ ബന്ധങ്ങളിലെ തകർച്ചകളും ദുരിത പൂർണ്ണമായ ജീവിത സാഹചര്യങ്ങളും യുദ്ധ ഭീതി നിറഞ്ഞു നിൽക്കുന്ന ലോകവും മദ്ധ്യസ്ഥപ്രാർത്ഥന ആവശ്യപ്പെടുന്നു എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ബഥാനിയ മദ്ധ്യസ്ഥ പ്രാർത്ഥന ടീം വിവിധ ചാപ്പലുകളിൽ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുന്നുണ്ട്.

### മെയ്മാസത്തിലെ ശുശ്രൂഷകൾ

കുട്ടികൾക്കായുള്ള ധ്യാനങ്ങൾ: മെയ് 4 മുതൽ 7 വരെയും 10 മുതൽ 13 വരേയും പ്ലസ് ടു ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ധ്യാനങ്ങൾ.

### മറ്റു ശുശ്രൂഷകൾ

| | | |
|---|---|---|
| 13 | ആദ്യ വെള്ളി | ഏകദിന കൺവെൻഷൻ |
| 10 | വെള്ളി | ഏകദിന കൺവെൻഷൻ |
| 17 | വെള്ളി | ഏകദിന കൺവെൻഷൻ |
| 18 | ശനി | താമരശ്ശേരി രൂപത മതദ്ധ്യാപക സംഗമം |
| 20 | തിങ്കൾ | താമരശ്ശേരി രൂപത അസംബ്ലി (20-22) |
| 24 | വെള്ളി | ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (24-27) |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

### വനിതാദിനാഘോഷം

പുതുപ്പാടി ജി വി എസ് ന്റെ നേതൃത്വത്തിൽ വനിതാദിനാഘോഷം നടത്തി. ജി വി എസ് ൽ മൈലള്ളംപാറ എംസിസി യിലെ ഐശ്വര്യ സംഘത്തിലെ അംഗമായ ശ്രീമതി വത്സമ്മ ദേവസ്യയെ മികച്ച വനിതാ കർഷകയായി ജി വി എസ് തെരഞ്ഞെടുത്തു. വനിതാദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടിയിൽ അവരെ മെമന്റോ നൽകി ആദരിച്ചു. പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു. അതോടൊപ്പം നല്ല രീതിയിൽ പച്ചക്കറി കൃഷി നടത്തിയ (അടുക്കള തോട്ടം) 12 പേർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

ചുരട്ടമല പാരിഷ് ഹാളിൽ വെച്ച് വനിതാദിനം ആഘോഷിച്ചു. സിസ്റ്റർ ലീന ക്ലാസ് എടുത്തു. അദ്ധ്യക്ഷ തങ്കമ്മ സേവ്യർ, സ്വാഗതം മോളി ജോസഫ് (ജി.വി.എസ് പ്രസിഡന്റ്), നന്ദി അനിത (സെക്രട്ടറി). 25 പേർ പങ്കെടുത്തു.

വിലങ്ങാട് ഏരിയായിൽ മാർച്ച് 8 ന് വനിതാദിനാചരണവും റാലിയും നടത്തി. നേതൃത്വം കൊടുത്തത് വിലങ്ങാട് ജി.വി.എസ്. അതിൽ ക്ലാസ് എടുത്തത് ദീപ സാബുവാണ് (ബ്ലോക്ക് ഓഫീസ് തുണേരി കൗൺസിലർ).

സി.ഒ.ഡി താമരശ്ശേരിയും കരിയാത്തുംപാറ എം.സി.സി യും 5 വാർഡ് എ.ഡി .എസും സംയുക്തമായി കരിയാത്തുംപാറ റബ്ബർ ഉത്പാദക സംഘത്തിൽ വെച്ച് വനിതാദിനാചരണം നടത്തി. പ്രസ്തുത യോഗത്തിൽ ശ്രീമതി ജെസ്സി ജോസഫ് കരിമ്പനക്കൽ കൂരാച്ചുണ്ട് പഞ്ചായത്ത് 5 വാർഡ് മെമ്പർ യോഗം ഉദ്ഘാടനം ചെയുകയും ജിജി ബാവോസ് 5-ാം വാർഡ് ആശാ വർക്കർ, ഇന്ദിര മുരളി എ.ഡി.എസ് സെക്രട്ടറി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

മരുതോങ്കര പാരിഷ് ഹാളിൽ വെച്ച് വനിതാദിനാഘോഷം വളരെ വിപുലമായി നടത്തി. വാർഡ് മെമ്പർ തോമസ് കാഞ്ഞിരത്തിങ്കൽ ഉദ്ഘടനം ചെയ്തു. ജി .വി.എസ് സെക്രട്ടറി റോസിലി അധ്യക്ഷത വഹിച്ചു. അഡ്വക്കേറ്റ് കവിത മാത്യു വനിതാശാക്തീകരണം, സുരക്ഷിതത്വം, നിയമവശങ്ങൾ എന്നിവയെ കുറിച്ച് ക്ലാസ് എടുത്തു. ചക്കിട്ടപ്പാറ, കാവിലുംപാറ ജി.വി.എസ് കൾ സംയുക്തമായി 100 പേർ പങ്കെടുത്തു. മികച്ച വനിത കർഷക സംരംഭകരെ ആദരിച്ചു.

തുഷാരഗിരി എം.സിസി യും, ചെമ്പുകടവ് എം സിസി യും വനിതാദിനാചരണവും വാർഷികവും വിപുലമായ പരിപാടികളോടെ നടത്തി. എം സിസി പ്രസിഡന്റ്മാരുടെ അധ്യക്ഷതയിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ. ജോയ് ഉദ്ഘാടനം ചെയ്തു. 3, 4 വാർഡ് മെമ്പർമാർ, ജി.വി.എസ് പ്രസിഡന്റ് സെക്രട്ടറി, ഏരിയ കോ-ഓർഡിനേറ്റർ

ഷീജ ടോബി എന്നിവർ ആശംസകൾ നേർന്നു. സെക്രട്ടറിമാർ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. ഡോ. അനുഷ വനിതാദിനത്തെകുറിച്ച ക്ലാസ് എടുത്തു. സംഘാംഗ ങ്ങൾ കലാപരിപാടികൾ നടത്തി. ഏറ്റവും പ്രായംകൂടിയ വനിതയെ പൊന്നാട അണി യിച്ചു.

വെറ്റിലപ്പാറ ജി.വി.എസ് മാർച്ച് 8 വനിതാദിനത്തോടനുബന്ധിച്ച് സെമിനാർ ന ടത്തി. ജി.വി.എസ് പ്രസിഡന്റ് മേഴ്സി ജെയിംസ് അധ്യക്ഷത വഹിച്ചു. ഷൈനി സി ബി സ്വാഗതം ആശംസിച്ചു. വെറ്റിലപ്പാറ പി.എച്ച് സി വിജിഷ എം എൽ ഏച്ച് പി ക്ലാ സ് എടുത്തു. സ്തനാർബുദം എന്ന വിഷയത്തെ ആസ്പദമാക്കി എം എൽ ഏച്ച് പി വിജിഷ ഉദ്ഘാടനം നിർവഹിച്ചു. ആശ വർക്കർ മിനി കണിയാംകുടിയിൽ ക്യാമ്പിന് നേതൃത്വം നൽകി. പ്രഷർ, ഷുഗർ നിർണയം നടത്തി. ഏറ്റവും നല്ല പച്ചക്കറിത്തോട്ട ത്തിനുള്ള അവാർഡിന് ബീന ചെറുതൊടി അർഹയായി. 55 അംഗങ്ങൾ പങ്കെടു ത്തു. ലിസി മാത്യു അധ്യക്ഷത വഹിച്ചു.

### ആരോഗ്യ സെമിനാർ

പരിയാപുരം സെൻറ് മേരീസ് എച്ച്. സ്കൂളിൽ വെച്ച് ഹെൽത്ത് സെന്ററിൽ നി ന്നും ക്യാമ്പ് നടത്തി. ജെ. പി. എച്ച്. എൻ ശാന്തകുമാരി, സ്റ്റാഫ് നേഴ്സ്, ആശാവർ ക്കർ എന്നിവർ ബി പി & ഷുഗർ ചെക്കിങ് നടത്തി. വിറ്റാമിൻ ഗുളികകൾ നൽകി. എം ഇ എസ് മെഡിക്കൽ കോളേജിൽ നിന്നും ഡോക്ടർ ഫസീൽ ക്ഷയരോഗത്തെ കുറിച്ച് വിശദമായ രീതിയിൽ ക്ലാസ് നടത്തി. 26 പേർ പങ്കെടുത്തു.

പാലൂർകോട്ട പഞ്ചയാത്ത് ഹാളിൽ വെച്ച് ക്യാൻസർ, മഞ്ഞപ്പിത്തം എന്നി വയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസും ക്യാമ്പും നടത്തി. പുഴക്കാട്ടിരി ഹെൽ ത്തിൽ നിന്നും എം.സി.എസ്.പി പ്രിൻസി, ജെ.പി.എച് ബിൻസി, ആശാ വർക്കർ എന്നിവർ പങ്കെടുത്തു.

ആനക്കയം ജി.വി.എസ് മടത്തിൽമുറിയാൽ സീനയുടെ വീട്ടിൽ വെച്ച് ക്ഷയരോഗ ക്ലാസും ക്യാമ്പും നടത്തി. ബി പി & ഷുഗർ ടെസ്റ്റിങ് മുടിക്കോട്ട് ഹെൽത്ത് ഡിപ്പാർ ട്മെന്റിൽ നിന്നും എച്ച് .ഐ ഹഫീസ് ഹഫീ, എം എൽ സ്പി ജോയ്സി ജോസ്, ആശാ വർക്കർ ജെസ്സി എന്നിവർ പകെടുത്തു. സ്വാഗതം ജി .വി.എസ് സെക്രട്ടറി റീന, നന്ദി തങ്കമ്മ സേവിയർ, നേതൃത്വം ജി.വി.എസ് പ്രസിഡന്റ് ജെസ്സി .26 പേർ പകെടുത്തു.

കൂരാച്ചുണ്ട് ജി വി എസ് ജീവിതശൈലി രോഗത്തെകുറിച്ച് സുധിഷ് കുമാർ ബാ ലുശേരി താലൂക്ക് ആശുപത്രി ഹെൽത്ത് സൂപ്പർവൈസർ, ജയേഷ് കുമാർ ജെ.എച്.ഐ സി.എച്ച്.സി കൂരാച്ചുണ്ട്, ക്ഷയരോഗത്തെപറ്റി ക്രിസ്റ്റി സെബാസ്റ്റ്യൻ ബാലുശ്ശേരി

താലൂക്ക് ആശുപത്രി, എന്നിവർ ക്ലാസിനു നേതൃത്വം നൽകി. തുടർന്ന് ജീവിതശൈലി രോഗനിർണയ ക്യാമ്പ് കക്കയം സി.എച്ച്.സി. ജെ പി എച്ച് എൻ പ്രവർത്തകർ നയിച്ചു. യോഗത്തിൽ സോന സജയൻ സ്വാഗതവും ടോം അലക്സ് നന്ദിയും പറഞ്ഞു.

### ഫുഡ് പ്രോസസ്സിംഗ്

സി.ഒ.ഡി താമരശ്ശേരിയുടെ നേതൃത്വത്തിൽ ഉള്ള കായണ്ണ ജി.വി.എസ് യിലെ ഐശ്വര്യ എസ്.എച്ച്.ജി ഊളേരി സംഘങ്ങൾ ചേർന്ന് ഊളേരി പൊന്നിടാതംകുഴി നിമിഷ ബോസിന്റെ വീട്ടിൽ വെച്ച് തക്കാളി സോസ്, മുന്തിരി സ്ക്വഷ് എന്നിവ ഉണ്ടാക്കാനുള്ള പരിശീലനം നൽകി. നിമിഷ ബോസ്, അജിത രാജൻ എന്നിവർ പരിശീലനം നൽകി. സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ മോളി സെബാസ്റ്റ്യൻ നേതൃത്വം നൽകി.

### ലീഡർഷിപ് ട്രെയിനിങ്

ചാപ്പംതോട്ടം പള്ളി ഹാളിൽ വെച്ച് പുതിയതായി രൂപീകരിച്ച എസ്.എച്ച്.ജി കൾക്ക് ലീഡർഷിപ് ട്രെയിനിങ് സി.ഒ.ഡി കോർഡിനേറ്റർ ശ്രീ. ജോയിയുടെ നേതൃത്വത്തിൽ ക്ലാസ്സെടുത്തു. കണക്കുകളും രജിസ്റ്ററുകളും എഴുതേണ്ട രീതികളും പറഞ്ഞുകൊടുത്തു. 4 എസ്.എച്ച്.ജി. കളിൽ നിന്നായി 15 പേർ പങ്കെടുത്തു.

### ജലദിനം

ഏപ്രിൽ 21 ന് ജലദിനം നടത്തി. ആനക്കാംപൊയിൽ തേക്കുംകാട്ടിൽ ഒരു പൊള്ള കുളം വൃത്തിയാക്കി, വാർഡ് മെമ്പർമാരും ക്ഷേമകാര്യ ചെയർപേഴ്സൺ ആയ ശ്രീ. രാജു ഉദ്ഘാടനം ചെയ്തു. അദ്ദേഹം ശുദ്ധജലം ഉപയോഗിക്കുന്നതിനെക്കുറിച്ചും മഞ്ഞപിത്തം ധാരാളം കണ്ടുവരുന്നു എന്നും വെള്ളം തിളപ്പിച്ചു കഴിക്കുന്നതിനെക്കുറിച്ചും ഇപ്പോൾ വെള്ളത്തിന്റെ ദൗർലഭ്യത്തെക്കുറിച്ചും അതിന്റെ ഉപയോഗത്തെ കുറിച്ചും വിവരിച്ചു. പ്ലക്കാർഡ് പിടിച്ചും തിരുവമ്പാടി ജി.വി.എസ് അംഗങ്ങൾ ജലദിനം ആഘോഷിച്ചു.

### പുസ്തകങ്ങൾ സംഭാവന ചെയ്തു

മൈലള്ളംപാറ സെൻറ് ജോസഫ്സ് യു.പി സ്കൂളിൽ സി.ഒ.ഡി യിൽ നിന്നും ലഭിച്ച 110 പുസ്തകങ്ങൾ നല്കി മട്ടിക്കുന്ന് ദീപ്തി മഹിളാ സമാജം നാടിന് മാതൃകയായി. സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ മാനേജർ ഫാദർ റോയ് വള്ളിയാം തടത്തിൽ നിന്ന് പുസ്തകങ്ങൾ ഹെഡ്മാസ്റ്റർ ശ്രീ. രാജേഷ് ചാക്കോ ഏറ്റുവാങ്ങി. സമാജം സെക്രട്ടറി സബിത ഗ്രേഷ്യസ്, ത്രേസ്യാമ്മ ജോസഫ്, ഡെയ്സി ജോയ്, ലൂസി സജി, ടെസ്സി എന്നിവർ പങ്കെടുത്തു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2024 മാർച്ച് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chathangottunada | 10,000.00 |
| 2 | Kulathuvayal | 10,000.00 |
| 3 | Manjakunnu | 8,000.00 |
| 4 | Manjakunnu | 8,000.00 |
| 5 | Manjeri | 8,000.00 |
| 6 | Mariapuram | 5,000.00 |
| 7 | Muthukad | 10,000.00 |
| 8 | Pandalloor | 8,000.00 |
| 9 | Thamarassery | 7,000.00 |
| 10 | Thamarassery | 8,000.00 |

**Home**

| | | |
|---|---|---|
| 11 | Anackampoil | 10,000.00 |
| 12 | Balussery | 8,000.00 |
| 13 | Chakkittappara | 8,000.00 |
| 14 | East Hill | 10,000.00 |
| 15 | Kallanode | 10,000.00 |
| 16 | Kallanode | 8,000.00 |
| 17 | Kannoth | 10,000.00 |
| 18 | Kannoth | 10,000.00 |
| 19 | Karingad | 8,000.00 |
| 20 | Kodanchery | 8,000.00 |
| 21 | Koodathai | 10,000.00 |
| 22 | Kuttipuram | 10,000.00 |
| 23 | Kuttipuram | 10,000.00 |
| 24 | Mariapuram | 8,000.00 |
| 25 | Mavoor | 10,000.00 |
| 26 | Narinada | 10,000.00 |
| 27 | Palloor | 8,000.00 |
| 28 | Poothampara | 10,000.00 |
| 29 | Thottumukkam | 10,000.00 |
| 30 | Valamboor | 10,000.00 |

**Marriage**

| | | |
|---|---|---|
| 31 | Kannoth | 10,000.00 |
| 32 | Kodanchery | 10,000.00 |
| 33 | Tirur | 10,000.00 |

**Medical**

| | | |
|---|---|---|
| 34 | Cheerattamala | 7,000.00 |
| 35 | Chempanoda | 7,000.00 |
| 36 | East Hill | 7,000.00 |
| 37 | Engapuzha | 7,000.00 |
| 38 | Koodathai | 7,000.00 |
| 39 | Manjakunnu | 7,000.00 |
| 40 | Manjakunnu | 8,000.00 |
| 41 | Mariapuram | 7,000.00 |
| 42 | Muthappanpuzha | 7,000.00 |
| 43 | Narinada | 7,000.00 |
| 44 | Nenmeni | 8,000.00 |
| 45 | Paropady | 7,000.00 |
| 46 | Poothampara | 5,000.00 |
| 47 | Pushpagiri | 7,000.00 |
| 48 | Thazhekode | 10,000.00 |
| 49 | Venappara | 10,000.00 |
| 50 | Vettilappara | 7,000.00 |
| 51 | Vettilappara | 7,000.00 |
| 52 | Vilangad | 8,000.00 |

**Miscellaneous**

| | | |
|---|---|---|
| 53 | Kakkayam | 55,000.00 |
| | **Total** | **4,93,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## മാർച്ച്

28 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ പെസഹാ തിരുനാൾ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, ദേവഗിരി ഇടവകയിൽ പെസഹ തിരുനാൾ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

മേരിക്കുന്ന് ഗുഡ് ഷെപ്പേർഡ് പ്രീസ്റ്റ് ഹോമിൽ പെസഹ അപ്പം മുറിക്കൽ കർമ്മത്തിന് നേതൃത്വം നൽകി.

താമരശ്ശേരി രൂപതാഭവനിൽ പെസഹ അപ്പം മുറിക്കൽ കർമ്മത്തിന് നേതൃത്വം നൽകി.

29 രാവിലെ, പുഷ്പഗിരി ഇടവകയിൽ ദുഃഖവെള്ളി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

കട്ടിപ്പാറ ഇടവകയിൽ, പരേതനായ പള്ളിയോടിയിൽ ലൂക്കാ (പാപ്പച്ചൻ) യുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

30 രാവിലെ, മരഞ്ചാട്ടി ഇടവകയിൽ ദുഃഖശനി തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നതോടൊപ്പം നവീകരിച്ച ദൈവാലയം പുനർകൂദാശ ചെയ്യുകയും ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകുകയും ചെയ്തു.

31 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ഉയിർപ്പ് തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

## ഏപ്രിൽ

02 രാവിലെ, താമരശ്ശേരി സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

വൈകുന്നേരം, കണ്ണോത്ത് ഇടവകയിൽ താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് നിർമ്മിച്ച പുതിയ ഭവനം വെഞ്ചരിച്ചു.

ചേവായൂർ ഇടവകയിൽ പരേതയായ സി. സിജി മാത്യു മണ്ഡപത്തിൽ ഡി പി എം റ്റി യുടെ മൃതസംസ്കാര ശുശ്രൂഷ യ്ക്ക് നേതൃത്വം നൽകി.

03 ഉച്ചകഴിഞ്ഞ്, എപ്പാർക്കിയൽ അസംബ്ലി കേന്ദ്ര കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

വൈകുന്നേരം, മേജർ ആർക്കി എപ്പിസ്ക്കോപ്പൽ പബ്ലിക് അഫയേഴ്സ് ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

04 രാവിലെ, മലാപറമ്പ് അസ്സീസി ഭവനിൽ എഫ്.സി.സി മലബാർ പ്രൊവിൻസിലെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർക്കും താമരശ്ശേരി സെൻറ് ഫ്രാൻസിസ് പ്രൊവിൻസിലെ രജത ജൂബിലി ആഘോഷിക്കുന്ന സന്യാസിനികൾക്കും വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

കാളികാവ്, സെന്റ് മേരിസ് ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, കോടഞ്ചേരി ആശാഭവനിൽ, ആശാഭവൻ സന്യാസ ഭവനത്തിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സംബന്ധിക്കുകയും ചെയ്തു.

05 രാവിലെ, പനംപ്ലാവ് സെന്റ് മേരിസ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച പാരീഷ് ഹാൾ വെഞ്ചിരിക്കുകയും ചെയ്തു.

തിരുവമ്പാടി ഇടവക പാരീഷ് ഹാളിൽ വച്ച് യൂദിത്ത് ഫോറത്തിന്റെ രൂപതാ സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, താമരശ്ശേരി വ്യാപാര ഭവനിൽ നടന്ന ഇഫ്താർ വിരുന്നിൽ സംബന്ധിച്ച് സന്ദേശം നൽകി.

താമരശ്ശേരി രൂപതാ ഭവനിൽ നടന്ന അൽഫോൻസാ കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

06 രാവിലെ, പി.എം.ഒ.സി.യിൽ, വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ കേരള റീജിയണൽ കോർഡിനേഷൻ കമ്മിറ്റിയുടെ വാർഷിക ജനറൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു

ദേവഗിരി ആശാകിരൺ ഓഡിറ്റോറിയത്തിൽ, കെ.സി.വൈ.എം.-എസ്.എം.വൈ.എം. പാറോപ്പടി മേഖല യൂത്ത് കോൺഫറൻസ് (MYC) ഉദ്ഘാടനം ചെയ്തു.

മഞ്ഞക്കടവ് ഇടവകയിൽ പരേതനായ തോമസ് കൊഴുവനാലിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം, കുന്ദമംഗലം സെന്റ് ജോസഫ് ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

07 രാവിലെ, ചുണ്ടത്തുംപൊയിൽ ഇടവകയിൽ ഇടവക സ്ഥാപനത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ തിരി തെളിച്ച് ഉദ്ഘാടനം ചെയ്ത് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

കരിമ്പ് ഇടവകയിൽ തിരുനാൾ ആഘോഷങ്ങളോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു.

08 രാവിലെ, താമരശ്ശേരി രൂപതാ ഭവൻ ചാപ്പലിൽ മേൽപ്പട്ട ശുശ്രൂഷയുടെ പതിനാലാം വർഷത്തോടനുബന്ധിച്ച് രൂപതാഭവൻ അംഗങ്ങളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

മഞ്ഞുവയൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, പുതുതായി തെരഞ്ഞെടുക്കപ്പെട്ട എം.എസ്.എം. ഐ. മേരി മാതാ പ്രോവിൻസിലെ സുപ്പീരിയർ ജനറൽ സി. എൽസി വടക്കേമുറിയെയും ടീം അംഗങ്ങളെയും രൂപതാ ഭവനിൽ സ്വീകരിച്ചു.

09 രാവിലെ, മരിയാപുരം ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

തൃശൂർ രൂപത പങ്ങാരപ്പിള്ളി സെന്റ് ജോസഫ് ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകളും ഒരു കുഞ്ഞിന് ആദ്യകുർബാനയും നൽകി.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ, താമരശ്ശേരി രൂപതയിലെ അൾത്താര ബാലികാബാല ന്മാർക്കുവേണ്ടി SMART ന്റെ നേതൃത്തിൽ നടത്തിയ ധ്യാനത്തിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ, സെന്റ് അൽഫോൻസാ മൈനർ സെമിനാരിയിലേക്ക് 2024-25 വർഷത്തിൽ പ്രവേശിക്കുന്നവർക്ക് വേണ്ടിയുള്ള ഇന്റർവ്യൂ നടത്തി.

രൂപതാഭവനിൽ, ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നട ത്തുന്ന പച്ചക്കറികൃഷി പ്രോത്സാഹന ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പാറോപ്പടി ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു.

പാറോപ്പടി ഇടവകയിൽ പി.ഡി.ഡി.എം. സന്യാസിനി സമൂഹ സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

11 രാവിലെ, ചമൽ ഇടവകയിൽ പള്ളോട്ടൈൻ സഭാംഗമായ ഡീ. സാവിയോ മേനംപ ടത്തിലിന് തിരുപ്പട്ടം നൽകി.

വൈകുന്നേരം, പി.എം.ഒ.സി.യിൽ പരേതനായ ഫാദർ ജോർജ് ആശാരിപ്പറമ്പിൽ അച്ചനുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

12 ഉച്ചകഴിഞ്ഞ്, കുറവിലങ്ങാട് മർത്താമറിയാം മേജർ ആർക്കീ എപ്പിസ്കോപ്പൽ ദൈവാലയത്തിൽ, താമരശ്ശേരി രൂപതാംഗം, പരേതനായ ഫാദർ ജോർജ് ആശാരിപ്പറമ്പിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

13 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ ആദ്യകുർബാന സ്വീകരണ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

14 രാവിലെ, അശോകപുരം ഇടവകയിൽ, ഇടവക സ്ഥാപനത്തിന്റെ രജത ജൂബിലി ആഘോഷങ്ങൾ തിരി തെളിച്ച് ഉദ്ഘാടനം ചെയ്ത് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

ചേവരമ്പലം സ്റ്റാർട്ടിൽ 'എറൈസ് 2k24' പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക്, കടലുണ്ടി ഏൽ റൂഹാ ധ്യാനകേന്ദ്രത്തിൽ കൺവെൻഷന്റെ സമാപനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി

15 രാവിലെ, കല്ലാനോട് ഇടവകയിൽ ഹെറാൾഡ്സ് ഓഫ് ഗുഡ് ന്യൂസ് സന്യാസസ മൂഹാംഗം ഡീ. ഇമ്മാനുവൽ അകമ്പടിയിലിന് തിരുപ്പട്ടം നൽകി.

ഉച്ചയ്ക്ക്, തിരുവമ്പാടി ഇടവകയിൽ ഒരു വിവാഹത്തിൽ സംബന്ധിച്ചു.

വൈകുന്നേരം, കരിയാത്തുംപാറ ഇടവകയിൽ, താമരശ്ശേരി രൂപതയ്ക്ക് വേണ്ടി പരിശീലനം നേടുന്ന ഡീക്കൻ അജിത്ത് വെളിയത്തിന്റെ മാതാവ് ജിജി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

16 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ഏതാനും കുട്ടികളുടെ ആദ്യകുർബാന സ്വീകരണ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

താമരശ്ശേരി രൂപതാഭവനിൽ, ഇൻഫാം കേന്ദ്ര നിർവ്വാഹക സമിതി മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം, താമരശ്ശേരിയിൽ നവീകരിച്ച കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടെ ഓഫീസ് വെഞ്ചിരിച്ചു.

17 രാവിലെ, പുല്ലൂരാംപാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

മഞ്ഞുവയൽ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

തിരുവമ്പാടി ഇടവക പാരീഷ് ഹാളിൽ, താമരശ്ശേരി രൂപത വൈദിക-സന്യസ്ത അസംബ്ലി "അർപ്പിതം 2024" ൽ സംബന്ധിച്ചു.

18 രാവിലെ, പാറോപ്പടി സെന്റ് ആന്റണീസ് ദൈവാലയത്തിൽ തിരുഹൃദയ സന്യാസിനി സമൂഹത്തിലെ ഒരു അർത്ഥിനിയുടെ സഭാവസ്ത്ര സ്വീകരണത്തിന്റെയും, ഒരു സന്യാസിനിയുടെ നിത്യവ്രത വാഗ്ദാനത്തിന്റെയും തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, കോഴിക്കോട് ഗദ്സെമനി ധ്യാനകേന്ദ്രത്തിൽ യുവജന കൺവെൻഷനിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

19 രാവിലെ, ചേവരമ്പലം എസ്.കെ.ഡി. ജനറലേറ്റിൽ ജനറൽ സിനാക്സിസ്സിന് ആദ്ധ്യക്ഷം വഹിച്ചു.

ഉച്ചകഴിഞ്ഞ്, പാറോപ്പടി ഇടവക പാരീഷ് ഹാളിൽ നവീകരണ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരുടെ നേതൃസംഗമത്തിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്തു.

വൈകുന്നേരം, പി.എം.ഒ.സിയിൽ രൂപത മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു.

20 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ ലില്ലിക്കുട്ടി പൊരിയത്തിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

തോട്ടപ്പള്ളി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

കക്കാടംപൊയിൽ ഇടവകയിൽ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന്

പ്രാരംഭ കൂദാശകൾ നൽകുകയും, മനസമ്മത തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം, നായാടംപൊയിൽ ഇടവകയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും അജപാലന സന്ദർശനം നടത്തുകയും ചെയ്തു.

21 രാവിലെ, കക്കാടംപൊയിൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

പുന്നക്കൽ ഇടവകയിൽ ബഹു. മാത്യു തൂമുള്ളിൽ അച്ചന്റെ സഹോദരന്റെ വിവാഹത്തോടനുബന്ധിച്ച് ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ഇടവകയിൽ ബഹു. ജേക്കബ് കോയിപ്പുറം അച്ചന്റെ സഹോദരന്റെ വിവാഹത്തോടനുബന്ധിച്ച് ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.
പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കുടുംബക്കൂട്ടായ്മ ലീഡേർസിനായി ആരംഭിക്കുന്ന ഓൺലൈൻ പഠന പരമ്പര ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

22 രാവിലെ, പശുക്കടവ് ഇടവകയിൽ ബഹു. ജോസഫ് കൊട്ടാരത്തിൽ അച്ചന്റെ മാതാപിതാക്കളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ്, പാറത്തോട് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും നവീകരിച്ച സെമിത്തേരി കപ്പേള വെഞ്ചിരി ക്കുകയും ചെയ്തു.

23 രാവിലെ, മരിയാപുരം ഇടവകയിൽ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

ഉച്ചകഴിഞ്ഞ്, പാലൂർകോട്ട സെന്റ് മേരിസ് ദേവാലയത്തിന്റെ കൂദാശ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

24 രാവിലെ, താമരശ്ശേരി രൂപതാഭവൻ കപ്പേളയിൽ വിശുദ്ധ ഗീവർഗീസിന്റെ തിരുനാളികളുടെ അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും ജോർജ്ജ് നാമധാരികളായ വൈദികരെ അനുമോദിക്കുകയും ചെയ്തു.

വൈകുന്നേരം, രൂപതാഭവനിലെ മുഴുവൻ അംഗങ്ങളോടുമൊപ്പം വൺഡേ ഔട്ടിംഗിൽ പങ്കെടുത്തു.

25-26 പുതുപ്പാടി, ഫിലിപ്പ് നേരി ജനറലേറ്റിൽ നടന്ന രണ്ടാമത്തെ ജനറൽ സിനാക്സിസ്സിന്റെ രണ്ടാം ഭാഗത്തിന് ആദ്ധ്യക്ഷം വഹിച്ചു.

25 വൈകുന്നേരം, തിരുവമ്പാടി ഇടവകയിൽ താമരശ്ശേരി രൂപതാംഗം ബഹു. ജോസ് ഞാവള്ളിൽ അച്ചന്റെ മാതാവ് മോളി തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.



# POPE FRANCIS
# GENERAL AUDIENCE
# SAINT PETER'S SQUARE
# WEDNESDAY, 17 APRIL 2024



The temperate person acts judiciously also with regards to pleasures. The free course of impulses and total license accorded to pleasures end up backfiring on us, plunging us into a state of boredom. How many people who have wanted to try everything voraciously have found themselves losing the taste for everything! It is better, then, to seek the right measure. For example, in order to appreciate a good wine, tasting it in small sips is better than swallowing it all in one go. We all know this.

The temperate person knows how to weigh words and dose them well. He thinks about what he says. He does not allow a moment's anger to ruin relationships and friendships that can then only be rebuilt with difficulty. Especially in family life, where inhibitions are lower, we all run the risk of not keeping tensions, irritations and anger in check. There is a time to speak and a time to be silent, but both require the right measure. And this applies to many things, for instance being with others and being alone.

If the temperate person knows how to control his own irascibility, this does not mean we always find him with a peaceful and smiling face. Indeed, at times it is necessary to be indignant, but always in the right way. These are the words: the just measure, the right way. A word of rebuke is at times healthier than a sour, rancorous silence. The temperate person knows that nothing is more uncomfortable than correcting another person, but he also knows that it is necessary; otherwise, one offers free reign to evil. In some cases, the temperate person succeeds in holding extremes together: he affirms absolute principles, asserts non-negotiable values, but also knows how to understand people, and he shows empathy for them. He shows empathy.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 30-04-2024 |





**അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്**
**23.04.2023ന് കൂദാശ ചെയ്ത പാലൂർകോട്ട സെന്റ് മേരീസ് ദൈവാലയം**

വികാരി: റവ. ഫാ. തോമസ് പാട്ടശ്ശേരി

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 05, May 2024, Pages 60.